വായിക്കാൻ...
ചിന്തിക്കാൻ...
പ്രാർത്ഥിക്കാൻ...

# ക്രിസ്തീയ സോദരി

ദ്വൈമാസിക **മാർച്ച്-ഏപ്രിൽ 2019**



**സ്പെഷ്യൽ സ്റ്റോറി »**

## ഇരുട്ടിനെ തോൽപ്പിച്ച പെൺകുട്ടി

**അമ്മ അറിയാൻ »**

## കണ്ണഞ്ചിപ്പിക്കുന്ന സൈബർ ലോകം



# ഇരുട്ടിനെ തോൽപ്പിച്ച് ഒരു പെൺകുട്ടി

പാതിവഴിയിൽ ഇരുളടഞ്ഞു പോയ ജീവിതത്തിന് വെളിച്ചം പകർന്നു കൊടുത്ത ദൈവസ്നേഹത്തിന്റെ വർണ്ണനകൾ.. നിസ്സി സെഫിൻ സാം എഴുതുന്നു..

ഞാൻ നിസ്സി, തൃശ്ശൂർ ജില്ലയിലെ പഴഞ്ഞിയിൽ ജോൺ സൂസമ്മ ദമ്പതികളുടെ 3 മക്കളിൽ ഇളയവൾ.

ചെറുപ്പം മുതൽ മനസ്സിൽ താലോലിച്ച ആഗ്രഹമായിരുന്നു ഒരു നേഴ്സ് ആയി തീരണം എന്നത്. അതുകൊണ്ട് പ്ലസ് ടു പഠനത്തിന് ശേഷം അധികമൊന്നും ആലോചിക്കാതെ മനസ്സിലെ സ്വപ്നങ്ങൾക്ക് ചിറക് വെപ്പിക്കുവാൻ വേണ്ടി ബാഗ്ലൂരിലെ ഒരു നേഴ്സിംഗ് കോളേജിൽ, ബി.എസ്സ്.സി നേഴ്സിഗിന് ചേർന്നു.

ആദ്യത്തെ 2 വർഷം സാധാരണ ഗതിയിൽ മുന്നോട്ട് പോയി. എന്റെ ഇരുപതാമത്തെ വയസ്സ് വരെ എടുത്ത് പറയത്തക്ക ഒരു ശാരീരിക പ്രയാസങ്ങളും ഉണ്ടായിരുന്നില്ല. എന്നാൽ പിന്നീട് എനിക്ക് എന്തൊക്കെയോ കാഴ്ചയുടെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുതുടങ്ങി. മുമ്പിൽ തന്നെ ഇരിക്കുന്ന സാധനങ്ങൾ

12 »




കവർ ചിത്രം: നിസി സെഫിൻ

# ക്രിസ്തീയ **സോദരി**

ദ്വൈമാസിക

**മാർച്ച് – ഏപ്രിൽ**

**2019**

*എഡിറ്റർ:*
ലൗലി ജോർജ്

*അസ്സോസിയേറ്റ് എഡിറ്റേഴ്സ്:*
സുനി ജോബി
ബ്ലെസ്സി സ്റ്റാൻലിൻ
ദ്രൗപതി ഗംഗാധരൻ
ഹന്ന ഷിബു ജോസ്


*ഉപദേശക സമിതി:*
ശാന്ത ജോൺസൺ
ജെസ്സി ബെൻസൺ

*സാങ്കേതിക സഹായം:*
കിന്നെരെത്ത് മീഡിയ

**Contact:**
+91 94469 63386
kristheeyasodari@gmail.com

# ഉള്ളടക്കം




ഇരുട്ടിനെ തോല്പിച്ച് ഒരു പെൺകുട്ടി 02
വിലയിരുത്തലുകൾ 04
കണ്ണഞ്ചിപ്പിക്കുന്ന സൈബർ ലോകം 06
എമി കാർമൈക്കൾ 15
ഞാൻ എന്തുകൊണ്ട് സുവിശേഷം കേൾക്കണം? 18
ദരിദ്രയായ വിധവ 22
പതിയിരിക്കുന്ന വിഷപാമ്പുകൾ 24
വിനയായി മാറിയ തിരിഞ്ഞുനോട്ടം 26
ദൈവിക സഖിത്വം പ്രാർത്ഥനയിൽ 30
The Slaves to Righteousness 28

ക്രിസ്തീയ സോദരിയുടെ ലക്കങ്ങൾ (പി.ഡി.എഫ്) ഡൗൺലോഡ് ചെയ്യുന്നതിന് സന്ദർശിക്കുക:

brethren thoughts
**brethrenthoughts.com**

Scan this QR code to download PDF of this issue




# വിലയിരുത്തലുകൾ




മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമാണ്. ലോകമെമ്പാടുമുള്ള വനിതകൾക്കായി ഒരു ദിനം എന്ന ചിന്തയിൽ നിന്നാണ് വനിതാ ദിനാചരണം എന്ന ആശയം രൂപം കൊണ്ടത്. രാഷ്ട്രീയ-സാമ്പത്തിക-വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ മാത്രമല്ല, കുടുംബം, തൊഴിൽ തുടങ്ങിയ മേഖലകളിൽ സ്ത്രീ നേടിയെടുത്ത അഭൂതപൂർവ്വമായ മുന്നേറ്റത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ആ ദിവസം. 1857 മാർച്ച്, 8 ന്, ന്യൂയോർക്കിലെ വനിതകൾ നടത്തിയ സമരവും പ്രക്ഷോഭവുമാണ് വനിതാദിനത്തിന് ആരംഭം കുറിച്ചത്. ന്യൂയോർക്കിലെ തുണി മില്ലുകളിൽ ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് സ്ത്രീകൾ സംഘടിച്ച്, കുറഞ്ഞ ശമ്പളത്തിനെതിരായും ദീർഘസമയത്തെ ജോലി ഒഴിവാക്കുവാനുമായി മുതലാളിത്തത്തിനെതിരെയും വോട്ടുചെയ്യാനുള്ള അവകാശം നേടുന്നതിനു വേണ്ടിയും ആദ്യമായി സ്വരമുയർത്തി. പിന്നീട് ലോകവനിതാദിനമെന്ന ആശയം വന്നപ്പോൾ മാർച്ച് എട്ട് എന്ന ഈ തീയതി തിരഞ്ഞെടുക്കപ്പെട്ടു. 1975 ലാണ് ഐക്യരാഷ്ട്ര സഭ മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത്. ഐക്യരാഷ്ട്രസഭയുടെ മുദ്രാവാക്യമാണ് ഓരോവർഷവും വനിതാ ദിനത്തിൽ അംഗീകരിക്കപ്പെടുന്നത്.

32 »



# തിരു സാന്നിധ്യം



ജൂലി കുഞ്ഞുമോൻ

അടുത്ത വീട്ടിൽ ഒരു മരണം സംഭവിച്ചു. കുടുംബാംഗങ്ങളുടെ ദീനരോദനം നെടുവീർപ്പായി കെട്ടടങ്ങിയെങ്കിലും ബന്ധുക്കളോ സുഹൃത്തുക്കളോ വരുമ്പോൾ വീണ്ടും രോദനം അനിയന്ത്രിതമായി അണപൊട്ടി ഒഴുകി. അയൽക്കാർ എല്ലാവരുംതന്നെ എത്തിയിട്ടുണ്ട്. മുറ്റത്തും പരിസരങ്ങളിലുമായി അവർ പല കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

മുറ്റത്ത് അരികിലുള്ള ഒരു ബഞ്ചിൽ ഒരു വൃദ്ധൻ നിശബ്ദനായി ഇരിക്കുന്നു. വെളുത്ത താടിരോമങ്ങൾക്കു മൂന്നുനാലു ദിവസത്തെ വളർച്ചയുണ്ട്. ഊന്നുവടിയുടെ വളഞ്ഞ അഗ്രത്തിൽ കൈകൾ ചേർത്തു പിടിച്ചിരിക്കുന്നു. നിസംഗത മുഖത്ത് പ്രതിഫലിക്കുമ്പോഴും ക്ഷീണിച്ച കണ്ണുകളിൽ ദുഃഖം തളംകെട്ടി നിൽക്കുന്നു. അയാൾക്ക് പ്രത്യേകിച്ച് ഒന്നും നിർദ്ദേശിക്കുവാനോ സഹായിക്കുവാനോ ഇല്ലായിരുന്നു. സാന്നിദ്ധ്യം മാത്രം! ദീർഘകാല ജീവിതത്തിൽ സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും വളരെ അനുഭവങ്ങൾ താണ്ടി ഇന്ന് പഴമയുടെ പ്രതീകമായിരിക്കുന്ന അദ്ദേഹത്തിന്റെ സാന്നിധ്യം ആ അന്തരീക്ഷത്തിൽ ആശ്വാസം പരത്തി. മറ്റൊരു വ്യക്തിയുടെ സാന്നിധ്യത്തിന്റെ പ്രഭാവവും പ്രാധാന്യവും ഓർമപ്പെടുത്തുന്ന ഒന്നായി ആ വൃദ്ധന്റെ നിശബ്ദരൂപം മനസ്സിൽ ഇന്നും തങ്ങിനിൽക്കുന്നു.

നമ്മുടെ ജീവിതത്തിലും എത്രയോ സന്ദർഭങ്ങളിൽ മറ്റുള്ളവരുടെ സാന്നിധ്യത്തിന്റെ ആശ്വാസവും സന്തോഷവും നാം അനുഭവിച്ചിരിക്കുന്നു! അമ്മമാരായ സഹോദരിമാർക്കു ചിന്തിക്കാനാകും, നമ്മുടെ കുഞ്ഞുങ്ങൾ രോഗബാധിതരായി രാത്രിയിൽ നമ്മുടെ പരിചരണത്തിലായിരിക്കുമ്പോൾ ഗൃഹനാഥന്റെ അല്ലെങ്കിൽ മറ്റു കുടുംബാംഗങ്ങളുടെ സാന്നിധ്യം എത്ര ആശ്വാസമാണ് നമുക്ക് നൽകുന്നത്. മറ്റുള്ളവരുടെ സാന്നിധ്യം നമ്മുടെ സന്തോഷത്തിന്റെ സന്ദർഭങ്ങളും അർത്ഥപൂർണവും ആഴമുള്ളതുമാക്കുന്നു. നാം സുരക്ഷിതരാണെന്നു കരുതുമ്പോൾ പോലും മറ്റുള്ളവരുടെ സാന്നിധ്യം നമുക്ക് ആവശ്യമാണ്!

"ദൈവീകസാന്നിധ്യമാണ് സന്തോഷത്തിന്റെ പരിപൂർണതയുള്ള ജീവിതം സാധ്യമാകുന്നതിന്റെ രഹസ്യം."

മറ്റൊരു മനുഷ്യന്റെ സാന്നിധ്യം നമുക്ക് ഇത്രമാത്രം പ്രധാനമാണെങ്കിൽ നമ്മുടെ സ്രഷ്ടാവായ ദൈവത്തിന്റെ സാന്നിധ്യം എത്രയധികം നമുക്ക് ആവശ്യമായിരിക്കുന്നു! ദൈവസൃഷ്ടിയായ ആദിമമനുഷ്യർ ഏദെനിൽ ദൈവീകസാന്നിധ്യം അനുഭവിച്ചു. എന്നാൽ, പാപം ചെയ്തതുകൊണ്ട് ഏദെനിൽ നിന്നു ബഹിഷ്കരിക്കപ്പെട്ട അവർ പിന്നീട് ദൈവത്തിൽനിന്നു എന്നും ദൂരെയായിരുന്നു. ഈ അന്യതാബോധം മനുഷ്യരെ ഇന്നും വേട്ടയാടിക്കൊണ്ടിരിക്കുന്നു. എന്നാൽ, ദൈവത്തെ ആശ്രയബോധത്തോടെ അന്വേഷിക്കുന്നവർക്കു അവിടുത്തെ സാന്നിധ്യം അവിടുന്ന് വാഗ്ദാനം ചെയ്യുന്നത് തിരുവെഴുത്തിൽ ഉടനീളം കാണാം. ദൈവീക സാന്നിധ്യത്തിന്റെ പ്രത്യേകതകൾ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്:

## ദൈവീക സാന്നിധ്യത്തിൽ നാം സുരക്ഷിതരാണ്

ഒരു കോട്ട നഗരത്തിനു സുരക്ഷ നൽകുന്നതുപോലെ ദൈവീകസാന്നിധ്യത്തിൽ നാം സുരക്ഷിതരാണ്. സൈന്യങ്ങളുടെ യഹോവ നമ്മോടു കൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു (സങ്കീ. 46:11).

## ദൈവീക സാന്നിധ്യത്തിൽ നാം നിർഭയരാണ്

ഈ ജീവിതത്തിൽ നമ്മെ ഭീതിപ്പെടുത്തുന്ന എത്രയോ സന്ദർഭങ്ങൾ നാം അഭിമുഖീകരിക്കേണ്ടതായി വരുന്നു! എന്നാൽ, ആ സമയത്തും നാം ഭയപ്പെടുവാൻ ആവശ്യമില്ലാത്തവിധം നമ്മോടു കൂടെയിരിക്കുന്നവാണ് നമ്മുടെ ഇടയനായ ദൈവം. കൂരിരുൾ താഴ്വരയിലൂടെ നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ (സങ്കീ.23:4).


## ദൈവീക സാന്നിധ്യത്തിൽ നാം സ്വസ്ഥതയുള്ളവരാണ്

ഭൗമികനേട്ടങ്ങൾ എന്തെല്ലാം നമുക്കു ഉണ്ടായാലും അവയൊന്നും ജീവിതത്തിൽ സ്വസ്ഥത ഉറപ്പുതരുന്നില്ല. എന്നാൽ, ദൈവം

33 »

# കണ്ണഞ്ചിപ്പിക്കുന്ന സൈബർ ലോകം

ഇന്റർനെറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ നമ്മുടെ മനസിന്റെ ഒരു ഭാഗം തന്നെ കൈയടക്കി യിരിക്കുന്നു.





ഡോ. ഗ്രെയ്സ് ജോൺസൺ

ഇന്നത്തെ കാലത്ത് ഇന്റർനെറ്റിനെ കുറിച്ച് അറിവില്ലാത്തവരും ഇന്റർനെറ്റ് ഉപയോഗിച്ച് പരിചയമില്ലാത്തവരും വളരെ കുറവാണ്. ഇന്റർന്റനെറ്റിന്റെ മായാലോകം ലോകത്തെ കീഴടക്കാൻ തുടങ്ങിയത് വളരെ പെട്ടന്നാണ്. കൊച്ചുകുട്ടികൾ മുതൽ വൃദ്ധജന ങ്ങൾ വരെ ഇന്ന് ഇന്റർനെറ്റിന്റെ ലോകത്താണ്. എന്തു വിവരങ്ങൾ

അറിയണമെങ്കിലും ആരോടും ചോദിക്കാതെ നിമിഷനേരം കൊണ്ട് വിരൽതുമ്പിൽ എത്തിക്കാൻ കഴിയും. മുൻ പരിചയമില്ലാത്ത സ്ഥലത്തേക്ക് എത്തിച്ചേരാൻ ഗൂഗിൾ മാപ്പ് ആപ്പിളിക്കേഷനുകൾ സഹായിക്കും. ഇന്റർനെറ്റിന്റെ ലോകത്തിലേക്കുള്ള കടന്നുകയറ്റം ദിനം തോറും വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ നമ്മുടെ മനസിന്റെ ഒരു ഭാഗം തന്നെ കൈയടക്കിയിരിക്കുന്നു. ഇന്റർനെറ്റോ മൊബൈൽ ഫോണോ ഇല്ലാതെ ഒരു ദിവസം പോലും തള്ളിനീക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് നാം എത്തിയിരിക്കുന്നു. നല്ലൊരു ശതമാനം ആശയ വിനിമയവും ഇത്തരം മാധ്യമങ്ങളെ അശ്രയിച്ചുമിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ആശയ വിനിമയം ഇന്ന് വളരെയധികം വർദ്ധിച്ചുമിരിക്കുന്നു. ഇന്ത്യയിൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്ന അഞ്ച് പേരിൽ നാലുപേരും ഇന്റർനെറ്റിന്റെ ലോകത്ത് വിവിധ ആവശ്യങ്ങൾക്കായി പരതാറുണ്ടെന്ന് സർവ്വെകൾ വ്യക്തമാക്കുന്നു. ആധുനിക ഹൈടെക് സംവിധാനങ്ങളുള്ള മാധ്യമസംസ്കാരത്തിലേക്ക് എത്തിയിരിക്കുന്ന ഇന്നത്തെ പുതുതലമുറയുടെ. ഈ കുതിച്ചുചാട്ടം എവിടേക്കാണ്?

## സൈബർലോകം
(Cyber world)

ആധുനിക ലോകം സൈബർ പടവുകളിലൂടെയാണ് വളർന്ന് കൊണ്ടിരിക്കുന്നത്. മനുഷ്യന്റെ സൈബർ ലോകത്തിലേക്കുള്ള കടന്നുകയറ്റം ദിനം തോറും വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്.



ഓരോ ജീവന്റെ തുടിപ്പും ഇന്ന് സൈബർ ലോകത്തിന്റെ കീഴിലാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങി ആധുനിക വിവരവിനിമയ സങ്കേതങ്ങളുടെ പ്രവർത്തന മേഖലയെ പൊതുവായി നിർവ്വചിച്ചിരിക്കുന്ന പേരാണ് സൈബർ ലോകം. സൈബർ ലോകം എന്നതിൽ സോഷ്യൽ മീഡിയകൾ, ഇമെയിലുകൾ, ചാറ്റ്/മെസഞ്ചർ സർവീസുകൾ, ബ്ലോഗുകൾ, ഇൻസ്റ്റാഗ്രാം, യൂട്യൂബ്, മൊബൈൽ, ടാബുകൾ, മറ്റ് ഗാഡ്ജറ്റുകൾ ഒക്കെ ഉൾപ്പെടുന്നതാണ്. സൈബർ ലോകം ഒരേസമയം സാധ്യതകളുടെയും വെല്ലുവിളികളുടെയും അതിവിശാലമായ വാതിലുകൾ തുറന്നിടുന്നു. അപരിചിതരുടെ ലോകത്ത് അപരിചിതനായിരുന്നുകൊണ്ടുതന്നെ സൗഹൃദങ്ങളുടെ വിശാലലോകം ഇതിലൂടെ സൃഷ്ടിക്കാനാവും. പരസ്പരം കാണാതെയും നേരിട്ടു സംസാരിക്കാതെയും തന്നെ മറ്റുള്ളവരുമായി സംവാദിക്കാനും സാധിക്കുന്നു. വാട്സ്ആപ്പ് പോലുള്ള പുതിയ സാങ്കേതികവിദ്യഉപയോഗിക്കുന്നതിന് രജിസ്ട്രേഷനുശേഷം ഒരു സിം കാർഡിന്റെ പോലും ആവശ്യമില്ല. ഒരു മനുഷ്യന്റെ ബാല്യം മുതൽ വാർദ്ധക്യം വരെ അവർ സൈബർ




ലോകത്തിൽ അകപ്പെടുന്നു. വർണ്ണ, ജാതി, വർഗ്ഗ, സ്ഥാന വിവേചനമില്ലാതെ എല്ലാവരും സൈബർലോകത്തെ ആശ്രയിക്കുന്നു. ഓരോ വർഷവും മൊബൈൽ, ഇന്റർനെറ്റ് ഉപഭോക്താക്കളുടെ എണ്ണം കൂടുകയല്ലാതെ കുറയുന്നില്ല. ആവശ്യത്തിനും അനാവശ്യത്തിനും സൈബർ ലോകത്തെ ആശ്രയിക്കുന്നവർ നമുക്കിടയിൽ ഉണ്ട്.

# സൈബർ കുറ്റകൃത്യങ്ങൾ (Cyber crimes)

മൊബൈൽഫോൺ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ക്യാമറ, തുടങ്ങിയ വിവരവിനിമയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ചെയ്യുന്ന ക്രമവിരുദ്ധവും മറ്റുള്ള വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സാങ്കേതിക ഉപകരണങ്ങൾക്കോ സംവിധാനങ്ങൾക്കോ ഏതെങ്കിലും തരത്തിൽ ദോഷമുണ്ടാക്കുന്നതോ അപകീർത്തി ഉണ്ടാക്കുന്നതോ ആയ എല്ലാ പ്രവർത്തനങ്ങളേയും സൈബർ കുറ്റകൃത്യങ്ങളായി കണക്കാക്കാം. വർധിച്ചുവരുന്ന ഇന്റർനെറ്റ്, മൊബൈൽ ഉപയോഗത്തിനനുസൃതമായി സൈബർകേസുകളുടെ എണ്ണത്തിലും വർധനവുണ്ടാകുന്നുണ്ട്. കംപ്യൂട്ടർ ഉപയോഗിച്ചുള്ള വിവിധ തട്ടിപ്പുകളും ദുരുപയോഗവുമാണ് കേസുകളിൽ ഭൂരിഭാഗവും. ഇ-മെയിൽ ദുരുപയോഗം ചെയ്യൽ,

ഇ-മെയിൽ വഴി ഭീഷണിയും വ്യാജ സന്ദേശവും അയയ്ക്കൽ, മോർഫിങ്, സോഷ്യൽ നെറ്റ് വർക്കുകൾ വഴിയുള്ള തട്ടിപ്പുകളും ദുരുപയോഗവും എന്നിവയാണ് പ്രധാന കുറ്റകൃത്യങ്ങൾ. സാമ്പത്തിക കുറ്റകൃത്യങ്ങളും ഇതിൽപ്പെടും. സ്മാർട്ട് ഫോണുകളുടെ ഉപയോഗം വ്യാപകമായതോടെ ഫോണുകളും ഇത്തരം ദുരുപയോഗങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. വിവര സാങ്കേതികവിദ്യയുടെ ഇത്രയും സുഗമമായ

ഉപയോഗത്തിനിടയ്ക്ക് ഒളിച്ചിരിക്കുന്ന അപകടങ്ങൾ കുട്ടികളും മുതിർന്നവരും എന്തിന്, കംപ്യൂട്ടർ വിദഗ്ധരെന്ന് അവകാശപ്പെടുന്നവർപോലും പൂർണമായി മനസിലാക്കിയിട്ടില്ല. ഇന്റർനെറ്റ് ഉപയോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനം എന്ന നിലയിൽ കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങൾ കൂടുതലാണ്.



**സ്വയമറിയാതെ സൈബർ ലോകത്തിന് അടിമകളായി മാറുന്നവരാണ് പലരും.**

# കുട്ടികളും സൈബർ ലോകവും

എന്റെ കുഞ്ഞ് നേഴ്സറിയിൽ പഠിക്കുന്നേ ഉള്ളൂ. പക്ഷേ എന്നേക്കാൾ നന്നായി ഫോൺ ഉപയോഗിക്കാൻ അവനറിയാം. ഫേസ്ബുക്കിൽ പ്രൊഫൈൽ ഫോട്ടോ മാറ്റുന്നത് പോലും അവനാണ്. എന്റെ കുട്ടി സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നതിൽ എന്നെക്കാൾ സ്മാർട്ടാ, എനിക്ക് അറിയാത്തത് ഞാൻ അവനെ കൊണ്ടാണ് ചെയ്യിക്കുന്നത്. എല്ലാം അറിയാം, പുതിയൊരു ഫോൺ വാങ്ങിയാൽ സംശയങ്ങളുമായി സമീപിക്കുന്നത് പോലും അവന്റെയടുത്താണ്.. ഇങ്ങനെ അഭിമാനത്തോടെ പറയുന്ന മാതാപിതാക്കളാണധികവും. പക്ഷേ, അമ്മമാരേ, അവർ ആഴമേറിയ ഗർത്തങ്ങളുടെ അരികിലാണെന്ന കാര്യം മറക്കരുത്! ഒരു ചെറിയ വഴുതൽ മതി ഒരിക്കലും കയറാൻ പറ്റാത്ത കുഴികളിൽ തെന്നി വീഴാൻ.

ഈ രീതി അത്ര നല്ലതാണോ? കളിച്ചും വായിച്ചും നടക്കേണ്ട പ്രായത്തിൽ സൈബർ ലോകത്തിനടിമയാകുന്നത് പ്രോത്സാഹിപ്പിക്കേണ്ട കാര്യമുണ്ടോ? സെൽഫോണും കമ്പ്യൂട്ടറും ലാപ് ടോപ്പുമൊക്കെ കളിപ്പാട്ടം പോലെ കൈകാര്യം ചെയ്യുന്ന ആധുനിക തലമുറയ്ക്ക് അവയില്ലാത്ത ലോകം സങ്കൽപ്പിക്കാൻ പോലും സാധിക്കില്ല. മദ്യവും മയക്കുമരുന്നും സൃഷ്ടിച്ചിരുന്ന പ്രശ്നങ്ങളേക്കാൾ ഒരുപടി മുകളിലാണ് സൈബർ ലോകം. സ്വയമറിയാതെ സൈബർ ലോകത്തിന് അടിമകളായി മാറുന്നവരാണ് പലരും. സാമൂഹിക ഇടപെടലുകളിൽ നിന്ന് മാറി നിൽക്കുന്നവർ, ആൾകൂട്ടത്തിൽ പെടുമ്പോൾ ഉത്ക്കണ്ഠയോടെ പ്രതികരിക്കുന്ന സോഷ്യൽ ഫോബിയ അനുഭവിക്കുന്ന കുട്ടികൾ. കുറ്റബോധം, മറവി, ശ്രദ്ധകുറവ്, ആത്മവിശ്വാസം ഇല്ലായ്മ എന്നീ പെരുമാറ്റ പ്രത്യേകതകൾ പ്രകടിപ്പിക്കുന്ന വിഷാദം അനുഭവിക്കുന്ന കുട്ടികൾ ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും കൂടുതൽ അഡിക്ഷൻ പ്രകടിപ്പിക്കുന്നു. മാതാപിതാക്കൾ എന്തു പറഞ്ഞാലും വാശിയും ദുശ്ശാഠ്യവും കാണിക്കുക, അനുസരണക്കേട് കാണിക്കുമ്പോൾ ചോദ്യം ചെയ്താൽ വാഗ്വാദത്തിലേർപ്പെടുക, വീട്ടുകാരേക്കാളേറെ പ്രാധാന്യം ഇന്റർനെറ്റിലൂടെ പരിചയ

പ്പെട്ടവർക്ക് നൽകുക എന്നിവയൊക്കെയാണ് വഴി തെറ്റിപ്പോകുന്നതിന്റെ ആദ്യ ചവിട്ടുപടി. നിരന്തരമായ ചാറ്റിങ്ങിലൂടെ പരിചയപ്പെട്ട്, പ്രണയത്തിലായി ഒടുവിൽ വളർത്തി വലുതാക്കിയ വീട്ടുകാരെ പോലും തള്ളിക്കളയുന്നവരുമുണ്ട്.

മണിക്കൂറുകളോളം ഫോണിലോ, കംപ്യൂട്ടറിലോ നോക്കിയിരിക്കുന്നത് കുട്ടിയിൽ കാഴ്ചയുടെ വൈകല്യങ്ങളും മാനസ്സിക വൈകല്യങ്ങളും സൃഷ്ടിച്ചേക്കാം. ഇന്റർനെറ്റിന്റേയും സോഷ്യൽ മീഡിയയുടെയും അമിത ഉപയോഗം വിഷാദരോഗത്തിലേക്കാണ് എത്തിക്കുക. ഇതുമൂലം പഠിക്കാനുള്ള താല്പര്യം പൂർണ്ണമായും നഷ്ടപ്പെടുകയും പരീക്ഷയിൽ മാർക്ക് കുറയുകയും ചെയ്യും.

ചൂഷണങ്ങൾക്കും ദുരുപയോഗത്തിനും ഇരയായതുമൂലം കുട്ടികൾ ജീവനൊടുക്കിയ സംഭവങ്ങൾ ഇന്ന് ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ പെരുകിവരുന്ന ഇക്കാലത്ത് ഈ വലയിൽ കുരുങ്ങിവീഴുന്നതിൽ നിരവധി കുട്ടികളും കൗമാരക്കാരുമുണ്ടെന്ന കാര്യം ഏറെ ആശങ്കയോടെ വേണം കാണാൻ. മാതാപിതാക്കൾക്ക് തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒളിച്ചോടാനാവില്ല. അവർ ആ ഉത്തരവാദിത്വം ഏറ്റെടുത്തില്ലെങ്കിൽ വലിയ അപകടങ്ങളിലേക്കാവും വരും തലമുറ വീഴുക. തങ്ങളുടെ കൊച്ചുകുട്ടികൾ പോലും കംപ്യൂട്ടറും മൊബൈൽ ഫോണുമൊക്കെ ഉപയോഗിക്കുന്നതിൽ വലിയ വിദഗ്ദ്ധരാണെന്ന് അഭിമാനപൂർവം പറയുന്ന ചില അമ്മമാരുണ്ട്. എന്നാൽ, കംപ്യൂട്ടറിന്റെയും സ്മാർട്ട് ഫോണിന്റെയും ടാബ്ലറ്റുകളുടെയുമൊക്കെ സ്ക്രീനിൽ തെളിയുന്നതും അതിലൂടെ വിനിമയം ചെയ്യപ്പെടുന്നതും എന്താണെന്നുകൂടി മനസിലാക്കിയാൽ മിക്ക മാതാപിതാക്കൾക്കും മേൽപറഞ്ഞ അഭിപ്രായം അഭിമാനത്തോടെ പറയാൻ സാധിക്കില്ല.

പുതിയ കണക്കുകൾ പ്രകാരം രാജ്യത്ത് പ്രതിവർഷം 42 മില്യൺ ആളുകൾ സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നു. ഒരു മിനിറ്റിൽ 80 ഇരകൾ എന്നാണ് പഠനങ്ങൾ വെളിവാക്കുന്നത്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സൈബർ ലോകം കടന്നു കയറിയിട്ടുണ്ട്. ശാസ്ത്രസാങ്കേതികവിദ്യയിലുണ്ടാകുന്ന അഭൂതപൂർവ്വമായ മുന്നേറ്റം മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കണം. കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നതെങ്ങനെയെന്ന് മാതാപിതാക്കൾ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്, പ്രത്യേകിച്ചും അമ്മമാർ. ഒരുപാട് ചതിക്കുഴികളും കെണികളും ഇന്റർനെറ്റിന്റെ കാണാപ്പുറങ്ങളിൽ പതിയിരിക്കുന്നുണ്ടെന്നത് പലർക്കും അത്ര അറിവുണ്ടാകയില്ല. ഇനി അറിവുള്ളവർക്ക് തന്നെ വ്യക്തമായ ഒരു രൂപമുണ്ടാകണമെന്നില്ല, പലപ്പോഴും ചതിയിൽ പെട്ടു കഴിഞ്ഞ ശേഷമാകും പലർക്കും തിരിച്ചറിവുണ്ടാകുക. ഒരൊറ്റ ക്ലിക്കിൽ ലോകം മാറുന്ന ഈ സൈബർ ലോകത്ത് അപ്പോഴേയ്ക്കും നമ്മുടെ തലവിധി തന്നെ മാറി മറിഞ്ഞിട്ടുണ്ടാകും. സൈബർ കെണികളിൽ വീഴുന്നവരുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നതേയുള്ളൂ. സൈബർ ലോകത്തുള്ളവരിൽ 60–70 % പേരും അറിഞ്ഞോ അറിയാതെയോ സൈബർ കെണികളിൽ പെടുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

*(തുടരും)*



# ഇരുട്ടിനെ തോൽപ്പിച്ച്... തുടർച്ച

തിരഞ്ഞ് നടക്കുക, നടക്കുമ്പോൾ എതിരെ വരുന്നവരെ കാണാതെ തട്ടുക തുടങ്ങിയ സംഭവങ്ങൾ പതിവായി. “ഈയിടെയായി നിസ്സിക്ക് ഒരു ശ്രദ്ധയും ഇല്ല, എന്തൊക്കെയോ ആലോചിച്ചാണ് നടക്കുന്നത്,” എന്നൊക്കെയുള്ള കൂട്ടുകാരികളുടെ കളിയാക്കലും കൂടെ ആയപ്പോൾ അതുവരെ ഹോസ്റ്റൽ ജീവിതം ആസ്വദിച്ചിരുന്ന എനിക്ക് പതിയെ അസ്വസ്ഥതകൾ ആയിതുടങ്ങി. കുറേകൂടി കഴിഞ്ഞപ്പോൾ സ്റ്റെപ്പുകൾ കയറിയിറങ്ങുന്നത് മറ്റൊരു ബാലികേറാമലയായി അനുഭവപ്പെട്ടു തുടങ്ങി.

അങ്ങനെ ഒരു വിധത്തിൽ മൂന്ന് വർഷം കഴിഞ്ഞു. 2008 ലെ ക്രിസ്തുമസ് അവധിക്ക് നാട്ടിൽ വന്നപ്പോൾ ഒരു കണ്ണ് ഡോക്ടറെ കണ്ടു. ആ ഡോക്ടർ ലെൻസുകൾ പലതും മാറ്റി വച്ചുനോക്കിയ ശേഷം ഒരു കണ്ണടക്ക് കുറിച്ച് തന്നു. എന്നാൽ അത് എനിക്ക് ഒരു വിധത്തിലും ആശ്വാസമായി തോന്നിയില്ല. വെളിച്ചം കുറവുള്ള സ്ഥലങ്ങളിൽ പോകുവാൻ എനിക്ക് പേടിയായി തുടങ്ങി. പിന്നെയും ബാഗ്ലൂരിലെ പല ഡോക്ടർമാരെയും മാറി മാറി കണ്ടു. എന്നാൽ ഓരോ ദിവസം കഴിയും തോറും എന്റെ ബുദ്ധിമുട്ടുകൾ കൂടിക്കൂടി വന്നു.

2009 എപ്രിൽ മാസത്തിൽ അവധിക്ക് വീണ്ടും നാട്ടിൽ വന്നപ്പോൾ കേരളത്തിലെ പല പ്രമുഖ ആശുപത്രികൾ കയറി ഇറങ്ങി. എങ്കിലും കൃത്യമായി രോഗം കണ്ടുപിടിക്കാൻ ആർക്കും കഴിഞ്ഞില്ല. ഒടുവിൽ പ്രശസ്തമായ ഒരു ആയുർവേദ ഹോസ്പിറ്റലിൽ ചെന്നപ്പോൾ കുറച്ച് ദിവസം ഇവിടെ താമസിക്കണം, ഒന്ന് ശ്രമിച്ചുനോക്കാം എന്നവർ പറഞ്ഞു. എന്നാൽ എന്റെ പഠനം പൂർണ്ണമാകുവാൻ കുറച്ച് നാളുകളും കൂടെ ഉള്ളതുകൊണ്ട് അത് കഴിഞ്ഞാവാം എന്ന് കരുതി അവിടെ നിന്നും മടങ്ങി.

തിരിച്ച് ബാംഗ്ലൂരിൽ ചെന്ന് പഠനം തുടർന്നു. ഒരു ദിവസം രാത്രിയിൽ ഹോസ്റ്റലിൽ ഇരിക്കുമ്പോൾ പെട്ടന്ന് കറന്റ് പോയി. ഞങ്ങൾ മെഴുകുതിരി കത്തിച്ചുവെച്ചു. കുറച്ച് കഴിഞ്ഞപ്പോൾ എന്റെ കണ്ണിൽ എന്തോ പോയപോലെ തോന്നി ഞാൻ ഇടത് കണ്ണ് തിരുമികൊണ്ട് നോക്കുമ്പോൾ വലത് കണ്ണ്കൊണ്ട് എനിക്കൊന്നും കാണാൻ കഴിയുന്നുണ്ടായിരുന്നില്ല. അപ്പോഴാണ് ഞാൻ ഒരു നടുക്കത്തോടെ എന്റെ വലതുകണ്ണിന്റെ കാഴ്ച പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നത്. എന്നാൽ അത്ഭുതമെന്ന് പറയട്ടെ സങ്കടവും നിരാശയും എന്റെ ഹൃദയത്തെ കീഴ്പ്പെടുത്തുന്നതിന് പകരം അന്നുവരെ ഞാൻ അനുഭവിക്കാതിരുന്ന ഒരു സ്വർഗ്ഗീയ സമാധാനവും ആശ്വാസവും ഞാൻ അനുഭവിച്ചു. ദൈവത്തിന്റെ ബലമുള്ള സാന്ത്വന കരങ്ങൾ എന്നെ മുറുകെ ചേർത്തണക്കുന്നതുപോലെ തോന്നി. പിന്നീട് ജീവിതത്തിൽ ഇതുവരെ എനിക്ക് തുണയായി നിന്നത് ആ സകല ബുദ്ധിയേയും കവി

യുന്ന ദൈവീക സമാധാനമാണ്. (ഫിലിപ്യർ 4.6).

കണ്ണിന്റെ കാഴ്ച കുറയുന്നത് വളരെ പെട്ടന്നായതിനാൽ ഒട്ടും സമയം കളയാതെ നേരത്തേ കാണിച്ച ആയുർവേദ ആശുപത്രി യിൽ ചികിത്സ ആരംഭിച്ചു. 21 ദിവ സത്തെ ട്രീറ്റ്മെന്റിന് ശേഷം ഞാൻ തിരിച്ച് കോളേജിൽ ചെല്ലുമ്പോൾ ഫൈനൽ എക്സാമിന് വിരലിൽ എണ്ണാവുന്ന ദിവസങ്ങളേ ബാക്കിയു ള്ളൂ. എങ്കിലും സർവ്വശക്തൻ കൃപ നൽകി എല്ലാം ഭംഗിയായി പൂർത്തി യാക്കി 4 വർഷത്തെ പഠനശേഷം തിരികെ വീട്ടിലേക്ക് വന്നു. വീണ്ടും ചികിത്സ ആരംഭിച്ചു.

നഴ്സിംങ്ങ് ഫലം വന്നപ്പോൾ എന്റെ മനസ്സിന്റെ ആഗ്രഹം പോലെ ഞാൻ പാസ്സായിരിക്കുന്നു. പക്ഷെ കാഴ്ചകുറവ് മൂലം ഒരു ഹോസ്പിറ്റ ലിൽ ജോലിചെയ്യാൻ എനിക്ക് കഴി യുമായിരുന്നില്ല. എങ്കിലും ജോലി ചെയ്യാനുള്ള ആഗ്രഹം മൂലം 2010 ൽ ബാഗ്ലൂരിൽ തന്നെയുള്ള ഒരു നേഴ്സിംഗ് കോളേജിൽ പഠിപ്പിക്കു വാൻ ആരംഭിച്ചു. മൂന്ന് മാസത്തിന് ശേഷം ഒരു ദിവസം നാട്ടിലേക്ക് വരാൻ വേണ്ടി ബസ്സിൽ കയറി. ജനാലയിൽ കൂടെ പുറത്തേക്ക് നോക്കിയപ്പോൾ അവ്യക്തമായി മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. ബസ്സ് സ്റ്റോപ്പിൽ തപ്പി തടഞ്ഞ് പുറ ത്തിറങ്ങി, മുന്നോട്ട് നടന്നുനീങ്ങു വാൻ കഴിയാതെ നിന്നപ്പോൾ അവിടെ കാത്ത് നിന്ന മമ്മി വന്ന് കൈപിടിച്ചത് കൊണ്ട് സുരക്ഷിത മായി വീട്ടിൽ എത്തി. പിന്നീടുള്ള നാലഞ്ച് ദിവസങ്ങൾക്കുള്ളിൽ ഞാൻ കാഴ്ചയുടെ ലോക ത്തിൽനിന്ന് എന്നന്നേയ്ക്കുമായി



“ജീവിതത്തിൽ ഇതുവരെ എനിക്ക് തുണയായി നിന്നത് സകല ബുദ്ധിയേയും കവി യുന്ന ദൈവീക സമാധാനമാ ണ്.”

വിടപറഞ്ഞു. പിന്നീടും ഇന്ത്യയിലെ പ്രശസ്തമായ പല കണ്ണാശുപത്രികളിലും കയറിയിറങ്ങി. പ്രതീക്ഷയൊക്കെ നഷ്ടപെട്ട് ഭാവി ജീവിതം ഒരു ചോദ്യചിഹ്നമായി നിന്നു.

പ്രീയപ്പെട്ടവരുടേയും കൂട്ട് വിശ്വാസികളുടേയും മാത്രമല്ല, ലോകത്തിന്റെ വിവിധ ഭാഗത്ത് നിന്നുമുള്ള വിശ്വാസികളുടെ വിലയേറിയ പ്രാർത്ഥനയാൽ ഞാൻ തളരാതെ ഇനിയുള്ള എന്റെ ജീവിതം കാഴ്ചയാൽ അല്ല വിശ്വാസത്താൽ മുന്നോട്ട് പോകും എന്ന് ഉറച്ച് വിശ്വസിക്കുവാൻ ദൈവം കൃപ തന്നു. അങ്ങനെയിരിക്കെ ബ്രദർ സജി മാത്യുവിനെ പരിചയപ്പെട്ടു. പെട്ടന്ന് കാഴ്ച നഷ്ടപ്പെട്ടിട്ടും, ദൈവശ്രയത്താൽ പുഞ്ചിരിയോടെ ആ പ്രതിസന്ധിയെ നേരിട്ട അദ്ദേഹം ഇന്ന് ഫുഡ് കോർപ്പറേഷൻ ഇന്ത്യയിൽ മാനേജർ തസ്തികയിൽ ജോലിചെയ്യുന്നു. പ്രീയ സഹോദരൻ എനിക്ക് പകർന്നുതന്ന ഊർജ്ജം  ഒരു പുതിയ വഴിത്തിരിവിലേക്ക് എന്നെ തിരിച്ചു. കണ്ണ് കാണാത്തവർക്ക് പരിശീലനം നൽകുന്ന ബാഗ്ലൂരിലെ മിത്രജോതിയിൽ ചേരുവാൻ സജി ചേട്ടൻ എനിക്ക് പ്രചോദനം പകർന്നു. അവിടെ നിന്ന് കംമ്പ്യൂട്ടർ ഉപയോഗിക്കുവാൻ പരിശിലനം നേടി. പിന്നീട് ദൈവം അത്ഭുതകരമായി ഓരോരോ വഴികൾ തുറന്നുതന്നു.

2011 ൽ വീണ്ടും ബാംഗ്ലൂരിലെ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി ലഭിച്ചു. ആ പട്ടണത്തിൽ എങ്ങനെ ഒറ്റക്ക് ഞാൻ ജോലി ചെയ്യും എന്ന സംശയം നിമിത്തം പലരും എന്നെ നിരുത്സാഹപ്പെടുത്തി. എന്നാൽ എന്നെ കൈയ്ക്ക് പിടിച്ച ദൈവത്തിൽ വിശ്വസിച്ച് ഞാൻ ജോലി തുടർന്നു. ദൈവം അല്ലാതെ മറ്റാരും ഒപ്പം ഇല്ലാത്ത ആ നാളുകളിൽ എന്നിലെ വിശ്വാസവും ദൈവാശ്രയവും ഒരുപാട് വർദ്ധിച്ചു. എന്റെ മുഖത്ത് വിടരുന്ന പുഞ്ചിരിയിൽ ആണ് എന്റെ മാതാപിതാക്കളുടേയും, ബന്ധുജനങ്ങളുടേയും സന്തോഷം എന്ന് തിരിച്ചറിഞ്ഞ ഞാൻ ദൈവകൃപയാൽ സന്തോഷിക്കുവാനും ജീവിത വെല്ലുവിളികളെ സധൈര്യം നേരിടുവാനും പഠിച്ചു.

ആ നാളുകളിൽ ആർക്കും ഭാരമാകാതെ ജീവിക്കുവാൻ ഒരു ഗവൺമെന്റ് ജോലി ലഭിച്ചിരുന്നെങ്കിൽ എന്ന ആഗ്രഹം മനസ്സിൽ ഞാൻ കൊണ്ടുനടന്നിരുന്നു. പ്ലസ് 2 പഠനത്തോടെ മാത്തമാറ്റിക്സ് ഉപേക്ഷിച്ച എനിക്ക് മാത്ത്സ് പഠനം ജോലിക്കായുള്ള ടെസ്റ്റ്നോടുള്ള ബന്ധത്തിൽ അനിവാര്യമായി തീർന്നു. ആ സമയത്ത് സഭയിലെ സഹോദരിയായ അനില ടീച്ചർ എന്നെ കണക്ക് പഠിപ്പിക്കുവാൻ വളരെ കഷ്ടപ്പെട്ടത് ഞാൻ നന്ദിയോടെ ഓർക്കുന്നു.ഒരു വർഷത്തെ കാത്തിരിപ്പിനൊടുവിൽ എന്റെ സ്ഥിരജോലി എന്ന സ്വപ്നത്തേയും കർത്താവ് സാധ്യമാക്കിതന്നു. ഇപ്പോൾ പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസിൽ കുന്നംകുളം ബ്രാഞ്ചിൽ ഞാൻ ജോലി ചെയ്യുന്നു.

ഇതിനിടയിൽ വിവാഹ ജീവിതം എന്ന സ്വപ്നം ഞാൻ പതിയ മനസ്സിൽനിന്ന് മാറ്റിയിരുന്നു. പക്ഷെ എന്റെ കരം പിടിച്ച ദൈവം വിശ്വസ്ഥനായത് കൊണ്ട് സ്നേഹവാനായ ദൈവം എനിക്ക് വേണ്ടി ജീവിത പങ്കാളിയെ ഒരുക്കിയിരുന്നു.

34»

# എമി കാർമൈക്കൾ



"മിഷനറി ജീവിതം എന്നാൽ മരിക്കാനുള്ള സാദ്ധ്യത എന്നാണ്" - ഇത് എമി കാർ മൈക്കളിന്റെ വാക്കുകൾ. ക്രിസ്തുവിനുവേണ്ടി ധീരമായി പോരാടിയ അനവധി സ്ത്രീരത്നങ്ങളെ നമുക്ക് ചരിത്രത്തിൽ ദർശിക്കാവുന്നതാണ്. വ്യക്തമായ ആത്മീക ദർശനത്തോടെ ജീവിതത്തോട് പടവെട്ടി മുന്നേറിയവരാണധികവും. ക്രിസ്ത്യൻ മിഷനറിമാരുടെ സേവനങ്ങളെ ഇന്ത്യയുടെ പൊതുസമൂഹവും ക്രൈസ്തവ സമൂഹവും ഒരുപോലെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്.

മിഷനറിമാരുടെ പ്രവർത്തനം ഭാരതത്തിന്റെ നവോത്ഥാനത്തിനും സാമൂഹ്യ മാറ്റങ്ങൾക്കും തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്.



അനീറ്റ ലാൽ

ക്രൈസ്തവ ദർശനം ഉൾക്കൊണ്ട് ഭാരതത്തിലെ തമിഴ് ജനതയുടെ ഇടയിൽ താമസിച്ച് സമൂഹത്തിലെ അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പോരാടി, ദേവദാസികളാക്കാൻ ദേവനു മുമ്പിൽ സമർപ്പിച്ച കുട്ടികളെ **'ദേവദാസിയിൽ നിന്ന് ദൈവദാസി'** യാക്കി മാറ്റിയ ക്രിസ്തീയ ധീരവനിതയാണ് എമി കാർമൈക്കൾ.

എമി കാർമൈക്കൾ അയർലണ്ടിലെ ഒരു ചെറിയ ഗ്രാമത്തിൽ 1867 ൽ ജനിച്ചു. ഡേവിഡ് - കാതറൈൻ കാർ മൈക്കൾ ദമ്പതികളുടെ ഏഴു മക്കളിൽ മൂത്തമകളായിരുന്നു എമി. പ്രൊട്ടസ്റ്റന്റ് വിശ്വാസിയായിരുന്ന എമിയുടെ പിതാവ് ബെൽഫാസ്റ്റിൽ സഭ സ്ഥാപിച്ച് പ്രവർത്തനങ്ങളിൽ സജീവമായിരിക്കെ എമിയുടെ പതിനെട്ടാം വയസ്സിൽ അദ്ദേഹം ഈ ലോകത്തോടു വിടപറഞ്ഞു. കുടുംബത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത എമി, പിതാവ് ബാക്കി വെച്ച ആത്മീയശുശ്രൂഷകളും തുടർന്നു. ഫാക്ടറി ജോലിക്കാരായ പെൺകുട്ടികൾക്കുവേണ്ടി സണ്ടേസ്ക്കൂളുകൾ നടത്തി എമി പ്രവർത്തനം ആരംഭിച്ചു. 1889-ൽ മിഷനറിപ്രവർത്തനത്തിനായി പൂർണ്ണമായും എമി സുവിശേഷവയലിലിറങ്ങി.

ന്യൂറോൾജിയ എന്ന രോഗം മൂലം ആഴ്ചകളോളം കിടക്കയിലാരുന്ന എമിക്ക് പ്രേക്ഷിതപ്രവർത്തനത്തിൽ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിഞ്ഞിരുന്നില്ല. ദൈവവിളിയെക്കുറിച്ചു തിരിച്ചറിഞ്ഞ എമി, ചൈനയിലേക്കു പോകുവാൻ ആഗ്രഹിച്ചെങ്കിലും രോഗം അതിനു തടസ്സമായിത്തീർന്നു. തുടർന്ന് മറ്റൊരു മിഷൻ സംഘടനയുമായി ചേർന്ന് 15 മാസത്തോളം ജപ്പാനിലും ചുരുങ്ങിയ കാലയളവ് ശ്രീലങ്കയിലും പ്രവർത്തിച്ചു വരവേ എമിക്ക് ഇന്ത്യയിലെ സുവിശേഷവേലയ്ക്കു നിയോഗം ലഭിച്ചു.

എമിയുടെ കണ്ണുകൾക്കു ഒരു പ്രത്യേകതയുണ്ടായിരുന്നു. കൃഷ്ണമണികൾ ബ്രൗൺ നിറത്തിലുള്ളതായിരുന്നു. സഹോദരങ്ങളുടെ കണ്ണുകൾ നീലനിറത്തിലും. എമി ബാല്യപ്രായത്തിൽ തന്റെ കണ്ണുകൾ സഹോദരങ്ങളുടെ കണ്ണുകൾ പോലെ നീലനിറമാകുവാൻ ദൈവത്തോടു പ്രാർത്ഥിക്കുമായിരുന്നു. ദൈവം പ്രാർത്ഥന കേട്ടില്ലല്ലോ എന്ന ദുഃഖം അവളുടെ കുഞ്ഞു മനസ്സിനെ അലട്ടിയിരുന്നു. പിൽക്കാലത്ത് ഇന്ത്യയിൽ മിഷനറിയായി വന്നപ്പോഴാണ് ദൈവം തനിക്ക് എന്തിനാണ് നീലമിഴികൾ തരാതെ ബ്രൗൺ മിഴികൾ തന്നതെന്ന് എമി തിരിച്ചറിഞ്ഞത്.

ഇന്ത്യാക്കാരുടെ കണ്ണുകൾക്ക് ബ്രൗൺ നിറമാണുള്ളത്, അത് ഇന്ത്യയിൽ പ്രവൃത്തിക്കുവാനും അവരുടെ അംഗീകാരം ലഭിക്കുവാനും സഹായകമായി. ദൈവത്തിന്റെ നിശ്ചയങ്ങളും തീരുമാനങ്ങളും എന്തിനേറെ സൃഷ്ടിക്കുപോലും വ്യക്തമാ

യ ചില ഉദ്ദേശങ്ങളുണ്ട്. എമിയെ ഇന്ത്യയിലെ സുവിശേഷപ്രവർത്തനങ്ങൾക്കു ദൈവം മുന്നമേ കണ്ടിരുന്നതുകൊണ്ടാണ് തന്റെ ബാലിശമായ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കാതിരുന്നത്. ഇന്ത്യയിലെ കാലാവസ്ഥയും അനുകൂലമായിരുന്നതുകൊണ്ട് പിന്നീടൊരിക്കലും മുമ്പുണ്ടായിരുന്ന രോഗവും ശരീരത്തിൽ ഉണ്ടായിട്ടില്ല.

തമിഴ്നാട്ടിലെ ഡോണാവൂരിലാണ് എമി തന്റെ മിഷൻ ആസ്ഥാനം സ്ഥാപിച്ചത്. തമിഴ് ഭാഷ പഠിച്ച അവർ ഭാരതീയ സംസ്ക്കാരം പൂർണ്ണമായും ഉൾക്കൊണ്ട് ജീവിതത്തിൽ ലാളിത്യവും സൗമ്യമായ പെരുമാറ്റവും കാത്തുസൂക്ഷിച്ചു. വേഷത്തിലും ഭാവത്തിലും ജീവിതരീതിയിലും പൂർണ്ണമായും ഇന്ത്യാക്കാരിയായി മാറിയ എമി തമിഴ്നാട്ടിൽ നിലനിന്നിരുന്ന ദേവദാസി സമ്പ്രദായത്തിനെതിരെ പ്രവർത്തനം തുടങ്ങി. ദേവന് നേർച്ചയായി അർപ്പിക്കപ്പെട്ട സ്ത്രീകൾ ആണ് ദേവദാസിമാർ. ക്ഷേത്രത്തിലെ ജോലികൾ ചെയ്യുന്നതിനും ദേവന് മുന്നിൽ നൃത്തം വെയ്ക്കുന്നതിനും നിയോഗിക്കപ്പെട്ട സ്ത്രീകളായിരുന്നു ദേവദാസികൾ. എന്നാൽ അഞ്ചും ആറും വയസ്സുള്ള പെൺകുട്ടികളെയാണ് അക്കാലങ്ങളിൽ ഇത്തരം കാര്യങ്ങൾക്കായി ഉപയോഗിച്ചിരുന്നത്.

ദേവദാസിയെ ദേവൻ വിവാഹം കഴിക്കുന്നുവെന്നാണ് സങ്കല്പം. ദേവനെ പ്രീതിപ്പെടുത്താൻ ദേവദാസിമാർക്ക് എന്തും ചെയ്യണമായിരുന്നു. മണിക്കൂറുകൾ നീളുന്ന നൃത്തപരിശീലനവും കഠിനമേറിയ ജോലികളും. ചിലപ്പോഴെങ്കിലും ശാരീരിക, ലൈംഗീകപീഢനവും പ്രതീക്ഷിക്കാം. അങ്ങനെ അനേകം കുഞ്ഞുങ്ങൾ മരിച്ചുപോയിരുന്നു. അവരുടെ മാതാപിതാക്കൾ അത് ഒരു പുണ്യമായി കരുതി വീണ്ടും കുഞ്ഞുങ്ങളെ ഇവിടേക്കു അയച്ചിരുന്നു. ദേവദാസി സമ്പ്രദായത്തിന്റെ ദോഷവശങ്ങൾ മനസ്സിലാക്കിയ എമി കുട്ടികളെ ഈ ദുരവസ്ഥയിൽ നിന്നും രക്ഷിച്ചു. എമിയുടെ പ്രവൃത്തനഫലമായി സമൂഹത്തെ ബോധവത്ക്കരിക്കുവാനും അനേകം കുഞ്ഞുങ്ങളെ വീണ്ടെടുക്കുവാനും അവർക്ക് വിദ്യാഭ്യാസവും ദൈവത്തിങ്കലേക്കുള്ള വഴിയും കാണിച്ചുകൊടുക്കുവാനും സാധിച്ചു. ഡോണാവൂരിൽ എമി ഒരു സ്ക്കൂളും സ്ഥാപിച്ചിരുന്നു. അങ്ങനെ ദേവദാസികൾ, ദൈവദാസികളായി. എമി അവർക്കു അമ്മയുമായി.

ഭാരത ക്രൈസ്തവ ദർശനം ഉൾക്കൊണ്ട് ക്രിസ്തുവിനുവേണ്ടി അഹോരാത്രം യത്നിച്ച എമിയിൽ നിന്നും സുവിശേഷപ്രവർത്തനങ്ങൾക്കു മാർഗ്ഗനിർദ്ദേശം നല്കുന്ന മുപ്പത്തേഴു പുസ്തകങ്ങളാണ് പുറത്തു വന്നത്. തമിഴ്ജനതയുടെ നടുവിൽ പാർത്തുകൊണ്ട് സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ആ സ്ത്രീ ശക്തമായി പോരാടി. ദേവനു മുമ്പിൽ സമർപ്പിച്ച കുട്ടികളെ വീണ്ടെടുക്കുക എന്നത് ശ്രമകരമായ ഒരു ദൗത്യമായിരുന്നു. അതിൽ അവർ വിജയിക്കുകയും ചെയ്തു. 1895 -ൽ തമിഴ്നാട്ടിലെത്തിയ എമി തന്റെ 83-ാം വയസ്സിൽ കർത്തൃസവിധമണഞ്ഞു. പ്രാർത്ഥനയോടും സമർപ്പണത്തോടും അശരണരുടെ ഉന്നമനത്തിനായി ജീവിതം തന്നെ മാറ്റിവച്ച, ദേവദാസികളെ ദൈവദാസികളാക്കിയ എമി കാർ മൈക്കിൾ എന്ന ധീര വനിതയുടെ ചുവടുകളെ നമുക്കും പിൻഗമിക്കാം.



# ഞാൻ എന്തുകൊണ്ട് സുവിശേഷം കേൾക്കണം?

സുനി ജോബി

സുവിശേഷം എന്നാൽ നല്ല വാർത്ത എന്നാണ്. ഇതിനു ഇംഗ്ലീഷിൽ "ഗോസ്പൽ" എന്നും ഗ്രീക്കു ഭാഷയിൽ "യുവൻഗേലിയോൺ" എന്നും ഉള്ള പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. സുവിശേഷം, അതു ജീവിതത്തിൽ വല്ലപ്പോഴുമൊക്കെ കേട്ടു മറന്നു കളയേണ്ട ഒരു കാര്യമല്ല. ഭൂമിയിൽ മനുഷ്യനായി ജനിച്ച ഏതു വ്യക്തിയും ജാതി മതവർണ്ണവർഗ്ഗ വ്യത്യാസമെന്യേ നിർബന്ധമായും കേട്ടിരിക്കേണ്ട ഒരു സുവാർത്തയാണിത്. "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം" (2 തിമോ: 2:8) എന്നാണ് വിശുദ്ധ വേദപുസ്തകത്തിൽ സുവിശേഷത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്. യേശു ക്രിസ്തുവിന്റെ ജനനത്തിലും മരണത്തിലും ഉയർത്തെഴുന്നേല്പിലും സവിശേഷതയുള്ളതിനാലാണ് സുവിശേഷത്തെ യേശുക്രിസ്തുവിന്റെ ജനന-മരണ-ഉയർത്തെഴുന്നേൽപ്പ്, എന്നിങ്ങനെ ചുരുക്കി പറഞ്ഞിരിക്കുന്നത്.

## ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ


അഖിലാണ്ഡത്തിലെ സർവ്വചരാചരങ്ങളും ദൈവത്തിന്റെ 'ഉണ്ടാകട്ടെ' എന്ന വാക്കിനാൽ

സൃഷ്ടിക്കപ്പെട്ടപ്പോൾ മനുഷ്യനെ മാത്രം മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കി. ഇന്ന് ഭൂമിയിൽ കാണുന്ന സകല ജീവജാലങ്ങളെയും ദൈവം മനുഷ്യനു വേണ്ടി സൃഷ്ടിച്ചപ്പോൾ മനുഷ്യനെ മാത്രം ദൈവം തനിക്കുവേണ്ടി ഉണ്ടാക്കി. സ്വന്ത വിരലുകളാൽ അതിശയകരമായി നിർമ്മിച്ച് അവനിൽ ദൈവത്തിന്റെ ജീവശ്വാസം ഊതി. ഈ ജീവശ്വാസം അവനിൽ ദൈവീക ചിന്തയുളവാക്കി അവനെ ദൈവത്തോട് അടുപ്പിക്കുന്നു. മനുഷ്യർക്കല്ലാതെ മറ്റൊരു സൃഷ്ടിക്കും ഇതുപോലെ ദൈവീക ചിന്തകൾ ഇല്ല.

ദൈവം മനുഷ്യനെ മെനഞ്ഞു തുടങ്ങിയപ്പോൾ അവനു ഉണ്ടായിരിക്കേണ്ട രൂപം എന്താകണമെന്നും നിശ്ചയിച്ചിരുന്നു. നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക (ഉല്പ:1:26). ദൈവം ഏതെങ്കിലും രൂപം കൈക്കൊള്ളുകയാണെങ്കിൽ അത് തീർച്ചയായും മനുഷ്യരൂപം തന്നെയായിരിക്കും. അത് യേശു ക്രിസ്തുവിലൂടെ സംഭവിച്ചു. സാക്ഷാൽ ദൈവമായവൻ മനുഷ്യവേഷമെടുത്തു യേശു എന്ന നാമത്തിൽ ഭൂമിയിൽ വന്നു.

സ്വന്തമായി വ്യക്തിത്വവും വിവേകവും ധാർമികബോധവുമുള്ള മനുഷ്യനു സർവ്വഭൂമിയിലും വാഴുവാൻ ദൈവം അധികാരം കൊടുത്തു. തേജസ്സും ബഹുമാനവും അവനെ അണിയിച്ചു. മനുഷ്യനെ നിർമ്മിച്ചതു മണ്ണുകൊണ്ടാണെങ്കിലും അവനിൽ കുടികൊള്ളുന്ന ആത്മാവിന്റെ മൂല്യം അവനെ സർവ്വ ലോകത്തേക്കാൾ വിലയുള്ളവനാക്കി (മർ:8:36). ഈ ആത്മാവിനു മരണമില്ല. മനുഷ്യനു ശരീരമുണ്ടെങ്കിലും വെറും ശരീരമല്ല മനുഷ്യൻ. ബുദ്ധി, ജ്ഞാനം, മനസ്സാക്ഷി, വികാരങ്ങൾ, അഭിരുചികൾ, ആഗ്രഹങ്ങൾ എന്നിവയടങ്ങിയ പ്രാണനും ചേർന്നതാണ് മനുഷ്യൻ. ദൈവവുമായി ബന്ധപ്പെട്ടിരിക്കേണ്ടതിനാണ് ദൈവം ദേഹം, ദേഹി, ആത്മാവ് എന്നിവയുള്ളവനായി മനുഷ്യനെ മെനഞ്ഞത്. ഇത്രയും ശ്രേഷ്ഠമായി മനുഷ്യനെ സൃഷ്ടിച്ച സൃഷ്ടാവിന്റെ വചനം എന്ന നിലയിൽ ഈ സുവിശേഷം സകല ജനവും കേട്ടിരിക്കേണ്ടതാണ്.

**ദൈവത്തിൽ നിന്നുള്ള അകൽച്ചയാണ് മനുഷ്യന്റെ ഏറ്റവും വലിയ വീഴ്ച. ഏതു പദവിയിൽ നിന്ന് മനുഷ്യൻ വീഴ്ത്തപ്പെട്ടുവോ ആ പദവിയിലേക്ക് തിരികെ എത്തിക്കുവാൻ പര്യാപ്തമാണ്**






## ദൈവമകനായ മനുഷ്യൻ

സൃഷ്ടിയുടെ മണിമകുടമായ മനുഷ്യന് ദൈവം നൽകിയ സ്ഥാനം ഏറ്റവും ശ്രേഷ്ഠമായതാണ്. മനുഷ്യവർഗ്ഗത്തിന്റെ വംശാവലി തിരുവചനത്തിൽ രേഖപ്പെടുത്തിയത് **ആദം ദൈവത്തിന്റെ മകൻ** എന്നാണ്. സൃഷ്ടിയിൽ തന്നെ മനുഷ്യന് ദൈവം കൊടുത്ത സ്ഥാനം **ദൈവ മകൻ അഥവാ മകൾ** എന്നതാണ്. ഈ ധന്യമായ അവസ്ഥയിൽ നിന്നാണ് മനുഷ്യൻ പാപം ചെയ്തു വീണുപോയത്. ദൈവത്തിൽ നിന്നുള്ള അകൽച്ചയാണ് മനുഷ്യന്റെ ഏറ്റവും വലിയ വീഴ്ച.

നീതിമാനായ ദൈവം പാപത്തിന് ശിക്ഷ വിധിച്ചപ്പോൾ അത് മനുഷ്യനെ നരകയോഗ്യനാക്കി എന്നതിനാൽ, അവനോട് കരുണ തോന്നി വേഷത്തിൽ മനുഷ്യനായി വന്നു സകല മനുഷ്യർക്കും വേണ്ടി പാപപരിഹാരബലിയായി തീർന്നു. അതുകൊണ്ട് ഇന്ന് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമകൻ അഥവാ മകൾ എന്ന പദവിയിൽ തിരികെ എത്താൻ സാധിക്കും. “അവനെ (ക്രിസ്തുവിനെ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു” (യോഹ: 1:12). ഇങ്ങനെ ദൈവകുടുംബത്തിലെ അംഗങ്ങൾ ആകുവാൻ ദൈവം ഏവർക്കും ഒരു സുവർണ്ണ അവസരം ഒരുക്കിയിരിക്കുന്നു. ഏതു പദവിയിൽ നിന്ന് മനുഷ്യൻ വീഴ്ത്തപ്പെട്ടുവോ ആ പദവിയിലേക്ക് തിരികെ എത്തിക്കുവാൻ ഈ സുവിശേഷം പര്യാപ്തമായതിനാൽ ഇതു പാപത്തിൽ വീണുപോയ സകല മനുഷ്യരും കേട്ടിരിക്കേണ്ടതാണ്.

## വീണ്ടെടുപ്പുകാരനായ ദൈവം

ശിക്ഷ വിധിക്കുന്ന ആൾ തന്നെ പ്രതിക്കുവേണ്ടി ആ ശിക്ഷ ഏറ്റെടുക്കുക ലോകത്ത് നടപ്പില്ലാത്ത കാര്യമാണ്. ശിക്ഷാർഹനായ വ്യക്തിയോട് കരുണ തോന്നി ആ ശിക്ഷ വേണ്ടെന്നു വെച്ചാൽ വിധി കർത്താവിന്റെ നീതി ചോദ്യം ചെയ്യപ്പെടും. മനുഷ്യ പാപത്തോടുള്ള ബന്ധത്തിൽ ദൈവം തന്റെ നീതി വെളിപ്പെടുത്തിയപ്പോൾ മനുഷ്യനോട് കരുണ ചെയ്തു. ദൈവീക നീതിക്ക് അപ്പുറമായി ദൈവം മനുഷ്യനോട് കാണിക്കുന്ന കരുണയാണ് ദൈവകൃപ. **“സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ”** (തീത്തോ:2:11) എന്നാണ് ക്രിസ്തുവിനെ കുറിച്ചു വചനം പറയുന്നത്.

പാപം ചെയ്ത മനുഷ്യനു വേണ്ടി മറുവിലയായി തീർന്നത് കർത്താവായ യേശു ക്രിസ്തുവിന്റ രക്തം ആണ്. "അവന്റെ പുത്രനായ യേശു ക്രിസ്തുവിന്റ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു". വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തുവിന്റെ സുവിശേഷം ഏവരും അറിഞ്ഞിരിക്കേണ്ടതാണ്.

## എല്ലാവർക്കും വേണ്ടി ഒരുവൻ

ലോകത്തിൽ മനുഷ്യർക്ക് പല വിധമായ പ്രശ്നങ്ങളുണ്ട്. പക്ഷെ അതെല്ലാം എല്ലാവർക്കും കൂടിയുള്ളതല്ല. ദാരിദ്ര്യം എല്ലാവർക്കും ഇല്ല. രോഗവും എല്ലാവർക്കും ഇല്ല. എന്നാൽ പാപം എല്ലാ മനുഷ്യരിലും ഉള്ളതാണ്. അതിനാൽ മനുഷ്യന്റെ പൊതുവായ പ്രശ്നം പാപം ആണ്. **പാപത്തിന് പരിഹാരം വരുത്തുക എന്ന ഉദ്ദേശത്തോടെ ഭൂമിയിൽ മറ്റാരും അവതരിച്ചിട്ടില്ല**. പാപത്തിനു പരിഹാരം വരുത്തുവാനും ആർക്കും കഴിഞ്ഞിട്ടില്ല. യേശു ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ അനേകം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അതെല്ലാം അവന്റെ മനസ്സലിവിൽ നിന്നുള്ളതായിരുന്നു. യേശു ഒരിക്കലും ഒരു അത്ഭുത പ്രവർത്തകനായി സ്വയം വെളിപ്പെടുത്തിയിട്ടില്ല. സകലരുടെയും പ്രശ്നം പാപവും സകലർക്കും വേണ്ടിയുള്ള പാപ പരിഹാരകൻ ഏകനും. "മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (അപ്പൊ, 4:12) എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കുന്നു. എല്ലാവരുടെയും ശിക്ഷ അവന്റെ മേൽ ചുമത്തി. എല്ലാവർക്കും വേണ്ടി ശിക്ഷ സ്വയം ഏറ്റു വാങ്ങിയ ഈ രക്ഷകന്റെ സുവിശേഷം എല്ലാവരും കേൾക്കേണ്ടതാണ്.

## ഈ വചനം വിശ്വാസയോഗ്യം

"ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിക്കാൻ യോഗ്യവുമായ വചനം തന്നെ" (1തിമോ:1:15). വിശ്വസിക്കുവാനും അംഗീകരിക്കുവാനും യോഗ്യമായ ഈ വചനമാണ് സുവിശേഷം. ദൈവവുമായി സജീവ ബന്ധത്തിലേക്കും നിത്യജീവനിലേക്കും മനുഷ്യനെ തിരികെയെത്തിക്കുന്ന അതിശക്തമായ ഈ ദൈവിക സന്ദേശം പോലെ വിശ്വാസയോഗ്യവും എല്ലാവർക്കും അംഗീകരിക്കാൻ കൊള്ളാവുന്നതുമായ ഒരു സത്യം ഈ ലോകത്തിൽ വേറെ ഇല്ല.





"നാം ദൈവത്തിനു
സമർപ്പിക്കുന്നതും
സമ്പൂർണ്ണമായിരിക്കണം."

# ദരിദ്രയായ വിധവ



ബ്ലെസ്സി സ്റ്റാൻലിൻ

കണ്ണുനീരും കയ്പ്പും നിറഞ്ഞ കനൽവഴികളുടെ കഥ പറയുന്ന ഒന്നാണ് വൈധവ്യം. ജീവിതത്തിലെ ഒറ്റപ്പെടലുകളിൽ കാലിടറാതെ സധൈര്യം മുന്നോട്ട് പോകാനുള്ള ആർജ്ജവവും തന്റേടവും ഉള്ളവരാണ് ബഹു ഭൂരിപക്ഷം വിധവമാരും. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ത്രീ കഥാപാത്രങ്ങളിൽ ശ്ലാഘനീയമായ ശുശ്രൂഷകൾ നിവർത്തിച്ചിട്ടുള്ളവരാണ് വിധവമാർ.

തിരുവചനത്തിലെ സുവിശേഷങ്ങളിൽ ദരിദ്രയായൊരു വിധവയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു (മർ:12:41-44), (ലൂക്കോ: 21:1-4). കർത്താവിനു കൊടുക്കുന്ന കാര്യത്തിൽ സാമ്പത്തികാവസ്ഥക്ക് ഒരു പ്രാധാന്യവുമില്ല. ദരിദ്രാവസ്ഥ

യിലും കർത്താവിന് ചിലതൊക്കെ കാഴ്ചവയ്ക്കുവാൻ നാം കടപ്പെട്ട വരാണ്. അതു ചിലപ്പോൾ നമ്മുടെ സമയമാകാം നമ്മുടെ ജോലി, സമ്പ ത്ത്, കൃപാവരങ്ങൾ ഇവയിലേതു മായിക്കൊള്ളട്ടെ, നമ്മുടെ മുന്നിൽ തെളിയുന്ന ഏത് അവസരത്തിലും ദൈവത്തിനു വേണ്ടി ചിലത് കൊടുക്കുവാൻ നാം തയ്യാറാകണം.

അവൾ ഭണ്ഡാരത്തിൽ ഇട്ടത് രണ്ട് കാശാണ്. പ്രഥമദൃഷ്ടിയാ അവൾ വളരെ പിശുക്കിയാണെന്ന് തോന്നാം കാരണം ദൈവസന്നിധി യിൽ അവൾ കൊണ്ടുവന്നത് ഏറ്റവും വിലകുറഞ്ഞ ഒരു വഴിപാ ടാണ് - രണ്ട് കാശ്. എന്നാൽ ഉൾപൂവുകളേയും നിനവുകളേയും ആരാഞ്ഞറിയുന്ന ക്രിസ്തു അവൾ ചെയ്ത പ്രവൃത്തി വീക്ഷിച്ച ശേഷം ശിഷ്യൻമാരോട് പറഞ്ഞു, ഭണ്ഡാര ത്തിൽ ഇട്ട എല്ലാവരേക്കാളും ഈ വിധവ അധികം ഇട്ടു എന്ന്. നാം ദൈവസന്നിധിയിൽ എന്തുമാത്രം കൊടുത്തു എന്നോ എത്ര വലിയത് കൊടുത്തു എന്നതിനോ ഒരു സ്ഥാനവുമില്ല, മറിച്ച് നമ്മുടെ മനോഭാവമാണ് മാനിക്കപ്പെടുന്നത്. ദൈവനാമ മഹത്വത്തിനാണോ അതോ സ്വയ നാമ മഹത്വത്തിനാണോ എന്നതാണ് ദൈവം നോക്കുന്നത്. മനുഷ്യൻ പുറമേ ഉള്ളത് നോക്കുന്നു എന്നാൽ ദൈവമോ അകമേ ഉള്ളത് നോക്കു ന്നു. നമ്മുടെ മനോഭാവങ്ങൾക്ക് ഒരു മാറ്റം അനിവാര്യമാണ്. "ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും ദൈവനാമ മഹത്വത്തിനായി ചെയ്വിൻ". നമ്മുടെ ഏതൊരു പ്രവൃത്തിയിലൂ ടെയും ദൈവനാമം മാത്രം മഹത്വപ്പെടണം, അതായിരിക്കണം നമ്മുടെ ജീവിതലക്ഷ്യവും.

അവളുടെ പ്രവൃത്തി കർത്താവി നാൽ വളരെയധികം പ്രശംസിക്ക പ്പെട്ടു. തന്റെ ഇല്ലായ്മയിൽ നിന്ന് തനിക്കുള്ളതൊക്കെയും, തന്റെ ഉപജീവനം മുഴുവനും ഇട്ടു എന്ന് അവളെക്കുറിച്ച് പറയുന്നു. ഒരു പക്ഷേ അവൾ പോലും ചിന്തിക്കാ ത്ത ഒരു മാനമാണ് തന്റെ ഈ പ്രവൃത്തിയിലൂടെ കർത്താവ് തന്റെ ശിഷ്യൻമാർക്ക് വെളിപ്പെടുത്തു ന്നത്. അവൾ തന്റെ ഉപജീവനം മുഴുവനും ദൈവസന്നിധിയിൽ അർപ്പിച്ചു. നാം ദൈവത്തിന് സമർ പ്പിക്കുന്നത് സമ്പൂർണ്ണമായിരിക്കണം. ദൈവം നമുക്ക് നൽകിയതൊക്കെ യും സമ്പൂർണ്ണമാണ്. അവൻ ഒരുക്കിയ രക്ഷ, നമുക്ക് നൽകിയ ദൈവവചനം, അങ്ങനെയുള്ള തെല്ലാം സമ്പൂർണ്ണമാണ് അതിനാൽ നാം ദൈവത്തിനു സമർപ്പിക്കു ന്നതും സമ്പൂർണ്ണമായിരിക്കണം.

എല്ലാറ്റിനും ഉപരിയായി നമ്മെ സസൂക്ഷ്മം വീക്ഷിക്കുന്ന ഒരു കർത്താവ് നമുക്കുണ്ട്. ദേവാലയ ത്തിനു നേരെയുള്ള ജനത്തിരക്ക് ഊഹിക്കാവുന്നതാണ്. എന്നാൽ തിക്കിത്തിരക്കുന്ന ആൾക്കൂട്ടത്തി നിടയിൽ ഭണ്ഡാരത്തിൽ വഴിപാട് അർപ്പിക്കാൻ വന്ന വിധവയെ അവൻ വീക്ഷിക്കുകയും അവൾ ചെയ്ത നല്ല പ്രവൃത്തി ശിഷ്യൻ മാർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്തു. നാം ചെയ്യുന്ന നിസ്സാര മെന്ന് തോന്നുന്ന ഏത് പ്രവൃത്തി യും ഉറ്റുനോക്കുന്ന ഒരു ദൈവത്തി ന്റെ മുമ്പിലാണ് നാം ഉള്ളത്. അതി നാൽ കണക്ക് ബോധിപ്പിക്കേണ്ട നാൾ വരുമ്പോൾ നമ്മുടെ പ്രവൃ ത്തികൾ വെന്തുപോകാതിരിക്കട്ടെ. ദരിദ്രയായ വിധവയെപ്പോലെ കർ ത്താവിനാൽ പ്രശംസിക്കപ്പെടട്ടെ!



ലേഖനം

# പതിയിരിക്കുന്ന വിഷപ്പാമ്പുകൾ






ജെസി ബെൻസൺ

കപ്പലപകടത്തിൽ നിന്നും രക്ഷപെട്ട് തൊട്ടടുത്ത ദ്വീപിൽ എത്തിച്ചേർന്ന പൗലോസിനെയും സംഘത്തെയും ദ്വീപുവാസികൾ അസാധാരണ ദയയോടെ സ്വീകരിച്ചു. മഴയും തണുപ്പും നിമിത്തം ക്ഷീണിതരായിരുന്ന അവർക്കു തീ കായുവാനുള്ള സൗകര്യമാണ് ഒരുക്കികൊടുത്തത്. എന്നാൽ തണുപ്പു പറ്റി വിറകിനടിയിലിരുന്ന ഒരു അണലി, തീ നിമിത്തം ചൂടു തട്ടിയപ്പോൾ, വിറകു പെറുക്കി തീയിലിടുകയായിരുന്ന പൗലോസിന്റെ കൈയ്യിൽ തൂങ്ങി. അണലി നിമിത്തം അവൻ മരണപ്പെടുമെന്ന് മറ്റുള്ളവർ കരുതിയെങ്കിലും പൗലോസ് ആ പാമ്പിനെ തീയിലേക്കു തന്നെ കുടഞ്ഞു കളഞ്ഞു. അവന് ആപത്തു ഒന്നും സംഭവിച്ചില്ല (പ്രവൃ:28:1 4 ).

തന്റെ കൈകളിൽ തൂങ്ങിയാടുന്നത് ഒരു വിഷപ്പാമ്പാണെന്നും അതിനു മരണകരമായ വിഷമുണ്ടെന്നും ഗ്രഹിച്ച പൗലോസ് അതിനെ തീയിലേക്കു കുടഞ്ഞുകളഞ്ഞു. അവനു ദോഷമൊന്നും സംഭവിച്ചതുമില്ല. തക്കസമയത്തു തന്നെ അതിനെ കാണുകയും തിരിച്ചറിയുകയും കുടഞ്ഞുകളകയും ചെയ്തു എന്നതാണ് ഇവിടെ ഏറ്റവും ശ്രദ്ധേയമായ കാര്യം. നമ്മുടെ ക്രിസ്തീയജീവിതത്തോടുള്ള ബന്ധത്തിലും നമ്മോടൊപ്പം തൂങ്ങിയാടുന്ന പലതിനേയും അവ വിഷപ്പാമ്പുകളെപ്പോലെ അപകടകരമാണ് എന്ന് തിരിച്ചറിയാത്തതുകൊണ്ടാണ് അവയെ കുടഞ്ഞുകളയാതെ ചേർത്തുനിർത്തുന്നത്.

“പിശാചിനോട് എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും” (യാക്കോ: 4:7) എന്നും “നിങ്ങളുടെ പ്രതിയോഗിയാ

യ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു" (1.പത്രോ: 5:8) എന്നും തിരുവചനം നമുക്കു മാർഗ്ഗനിർദ്ദേശവും മുന്നറിയിപ്പും നല്കുന്നുണ്ട്. പിശാചു അണലിയെപ്പോലെയോ അലറുന്ന സിംഹംപോലെയോ നമ്മെ സമീപിച്ചാൽ നാം ഭയപ്പെട്ട് കുടഞ്ഞുകളകയോ ഓടി രക്ഷപ്പെടുവാൻ ശ്രമിക്കയോ ചെയ്യും. എന്നാൽ നമുക്കു അവനെ തിരിച്ചറിയുവാൻ കഴിയാത്തവിധം മനോഹരരൂപിയായോ വെളിച്ചദൂതന്റെ വേഷത്തിലോ വരുന്നതുകൊണ്ടാണ് അവനോട് എതിർത്തുനില്ക്കുകയോ കുടഞ്ഞുകളയുകയോ ചെയ്യാതെ, കുശലം പറയുവാനും ചേർത്തുനിർത്തുവാനും നാം സന്നദ്ധരാകുന്നത്.

വിറകിന്റെ അടിയിൽ മാത്രമല്ല, സ്നേഹത്തിന്റെ ഭാഷയിലും കുശലാന്വേഷണത്തിലും ബുദ്ധിയുപദേശത്തിലുമൊക്കെ പതിയിരിക്കുന്ന അണലികളുണ്ട്. ഏദെൻതോട്ടത്തിൽ ഹവ്വയോടു കുശലാന്വേഷണത്തിൽ പതിയിരുന്ന പാമ്പിന്റെ തന്ത്രം അവൾ തിരിച്ചറിഞ്ഞില്ല. കണ്മോഹത്തിലൂടെ തന്റെ ജീവിതത്തെ വിഷലിപ്തമാക്കിയ പൈശാചിക കെണി ദാവീദും, വിശന്നു ക്ഷീണിച്ചിരുന്നപ്പോൾ പായസം കാണിച്ച് പ്രലോഭിപ്പിച്ച തന്ത്രം ഏശാവും തിരിച്ചറിഞ്ഞില്ല. അതുകൊണ്ടുതന്നെ എതിർത്തു നില്ക്കുവാനോ കുടഞ്ഞു കളയുവാനോ ഉള്ള ഒരു ശ്രമം പോലും അവരിൽ നിന്നുണ്ടായില്ല.

എന്നാൽ കർത്താവിന്റെ മരണ പുനരുത്ഥാനങ്ങളെക്കുറിച്ച് അറിഞ്ഞപ്പോൾ, "കർത്താവേ, അതു അരുതേ, നിനക്കു അങ്ങനെ ഭവിക്കരുതേ" എന്ന പത്രോസിന്റെ സ്നേഹശാസനയിൽ പതിയിരുന്ന അണലിയെ കർത്താവ് തിരിച്ചറിഞ്ഞു, അതിനെ കുടഞ്ഞു കളഞ്ഞു (മത്താ: 16:22). നെഹെമ്യാവിന്റെ പണി തടസ്സപ്പെടുത്തുന്നതിനായി ഒത്തുതീർപ്പിനു ശ്രമിച്ചും അപവാദപ്രചാരണം നടത്തിയും ഭീഷണിപ്പെടുത്തിയുമൊക്കെ വിഷം ചീറ്റുവാൻ ശ്രമിച്ച പൈശാചിക തന്ത്രങ്ങളെ നെഹെമ്യാവു എതിർത്തു നിന്നു തോല്പിച്ചു.

നേരിട്ടുള്ള പ്രലോഭനങ്ങളിൽ പൊത്തിഫേറയുടെ ഭാര്യയോട് ചെറുത്തുനിൽക്കുവാനും ഓടിരക്ഷപെടുവാനും യോസേഫിനു കഴിഞ്ഞെങ്കിൽ രഹസ്യമായ പ്രലോഭനത്തിൽ ദാവീദ് അടിതെറ്റി വീഴുകയായിരുന്നു. വീടിനു പുറത്ത് വച്ച് പാപമായി കണക്കാക്കി കുടഞ്ഞു കളയാറുള്ള അണലികളെ വീട്ടിനകത്തു സ്വസ്ഥമായും രഹസ്യമായും കണ്ടുകൊണ്ടിരുന്ന യാതൊന്നും പാപമായി കണക്കാക്കാതെയിരിക്കുന്ന നാം അണലിമുട്ടയ്ക്ക് അടയിരിക്കുകയാണെന്ന് വിസ്മരിച്ചുകൂടാ (യെശ:59:5).

തണുത്തുവിറച്ച് തീ കായുവാൻ ചെല്ലുമ്പോൾ വിറകിനടിയിൽ നിന്നും വിശന്നുക്ഷീണിച്ച് വീട്ടിലെത്തുമ്പോൾ പായസം കാണിച്ചും ആവശ്യങ്ങളിലിരിക്കുമ്പോൾ മോഹങ്ങൾ ജനിപ്പിച്ചും അണലിയുടെ ആക്രമണമുണ്ടാകാം. ആകയാൽ പിശാചിനെ പിശാചെന്ന് തിരിച്ചറിയുവാനുള്ള സ്വർഗ്ഗീയ പരിജ്ഞാനമാണ് നമുക്കു ആവശ്യം. തിരുവചനത്തിലൂടെ വിഷക്കെണികളെ തിരിച്ചറിഞ്ഞു കുടഞ്ഞു കളയുകയാണ് വേണ്ടത്. സാത്താന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ!

ക്രിസ്തീയ
സോദരി

കുഞ്ഞുചിന്ത



# വിനയായി മാറിയ തിരിഞ്ഞുനോട്ടം



ജെസ്‌ലിൻ
ജോൺസൺ

കൂട്ടുകാരേ,

തിരിഞ്ഞുനോട്ടം എന്നത് നാം പലപ്പോഴായി കേട്ടിട്ടുള്ള ഒരു പദമാണ്. ജീവിതത്തിൽ നാം തിരിഞ്ഞു നോക്കേണ്ടത് അനിവാര്യമാണ് എന്നൊക്കെ പലരും തങ്ങളുടെ പ്രസംഗങ്ങളിലും മറ്റും സൂചിപ്പിക്കാറുണ്ട്.

എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു തിരിഞ്ഞുനോട്ടത്തെപ്പറ്റിയാണ് ഞാൻ പറയാൻ പോകുന്നത്. തിരിഞ്ഞുനോട്ടം ശാപമായി തീർന്ന ഒരു വ്യക്തിയെപ്പറ്റി ബൈബിളിൽ പരാമർശിച്ചിട്ടുണ്ട്. മറ്റാരുമല്ല, ലോത്തിന്റെ ഭാര്യ. ഈ വ്യക്തിയെപ്പറ്റി അധികം വിവരണം ബൈബിളിൽ ഇല്ലെങ്കിലും അധികം പേരും ചൂണ്ടിക്കാണിക്കുന്ന ഉദാഹരണമാണ് ലോത്തിന്റെ ഭാര്യ.

ഒരിക്കൽ സൊദോം, ഗൊമോറ എന്ന ദേശങ്ങളുടെ അതികഠിനമായ പാപം നിമിത്തം ദൈവം അവരുടെ മേൽ ന്യായവിധി അയയ്ക്കുവാൻ തീരുമാനിച്ചു. അവിടെ ജീവിച്ചിരുന്ന ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുവാനായി രണ്ട് ദൂതന്മാരെ ദൈവം ന്യായവിധിക്കു മുമ്പേ അങ്ങോട്ട് അയച്ചു. അവരുടെ വാക്കുകൾ കേട്ട ലോത്ത് ആ പട്ടണം വിട്ടു. അതോടൊപ്പം ദൂതന്മാർ അവർക്ക് ഒരു നിർദ്ദേശം കൂടി നൽകിയിരുന്നു. ഓടിപ്പോകുക,

പുറകോട്ടു നോക്കരുത്. എന്നാൽ ലോത്തിന്റെ പാവം ഭാര്യയ്ക്ക് അതിന് സാധിച്ചില്ല. അതിന്റെ ഫല മായി അവൾ ഉപ്പുതൂണായി മാറി.

ഒരു പക്ഷെ, തങ്ങൾ ഇത്രയും നാൾ സമ്പാദിച്ചതൊക്കെ ഒരു നിമിഷം കൊണ്ട് ഇല്ലാതായതിന്റെ വേദനയിലാവാം അവൾ തിരിഞ്ഞു നോക്കിയത്. പക്ഷെ അത് അവളുടെ ജീവിതത്തിൽ ദോഷമായി ഭവിച്ചു. പിന്നീടൊരിക്കലും തിരിച്ചു വരാനാ വാത്ത ഒരു സ്ഥിതിയിലേക്ക് അവൾ മാറിക്കഴിഞ്ഞു. ദൈവം അവർ ക്കായി ഒരുക്കിവച്ച അനുഗ്രഹങ്ങൾ കാണുവാൻ അവൾക്ക് സാധിച്ചില്ല. അവളുടെ ആത്മീക കണ്ണുകൾക്ക് അന്ധത പിടിച്ചിരുന്നു. ലോകത്തി ന്റെ മാലിന്യങ്ങൾ അവളുടെ കണ്ണു കളെ മൂടിക്കഴിഞ്ഞിരുന്നു.

നാമും പലപ്പോഴും ഈ ഗണ ത്തിൽ പെടുന്നവരാണ്. ദൈവം നമുക്കായി അനുഗ്രഹങ്ങൾ ഒരുക്കി കാത്തിരിക്കുകയാണ്. എന്നാൽ നാമോ ഈ ലോകത്തിലെ ആർഭാട ത്തിലേക്കും സുഖത്തിലേക്കും തിരിഞ്ഞു നോക്കിക്കൊണ്ടിരിക്കുക യാണ്. ആത്മീകമായി നാമും ഉപ്പു തൂണുകളായി മാറിക്കൊണ്ടിരിക്കു കയാണ്. പിന്നീടൊരിക്കലും തിരികെ വരുവാൻ പറ്റാത്ത അവ സ്ഥയിലേക്ക് നാം നീങ്ങിക്കൊണ്ടിരി ക്കുന്നു. ദൈവം നൽകിയിരിക്കുന്ന നന്മകൾ ശാപമായി ഭവിക്കാതിരി ക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ആത്മീക കണ്ണുകൾ തുറന്ന് നമ്മുടെ ലക്ഷ്യത്തിലേക്ക് ഓടാം. ഫിലിപ്പിയർ 3:14 ൽ പറയുന്നത് പോലെ പിമ്പിലു ള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ടു ക്രിസ്തുയേശു വിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടാം.





## പ്രസംഗവും വിശ്വാസവും






അനിത ജോൺസൺ



# The Slaves to Righteousness

Hanna Shibu Jose

Do you know when a man or a woman did falls short from God's glory? It is when they sin against God from their young age. But still God forgives us to give us a chance to correct ourselves and to lead a righteous life, though we took His mercy for granted and sinned again and again.

To what we are slaves? Is it Obedience or Sin? Even though we are slaves, God has chosen as to be His **" But you are a chosen people, a royal priesthood, a holy nation,God's special possession, that you may declare the praises of him who called you out of darkness into his wonderful light."I Peter: 2:9**. And as achosen one we must **"consider ourselves dead to sin and alive to God in ChristJesus I Peter: 2:24.**

The scripture clearly states **Don't you know that when you offer yourselves to someone as obedient slaves, you are slaves of the one you**

**obey whether you are slaves to sin, which leads to death, or to obedience, which leads to righteousness? Romans: 6:16.** If we are slaves to sin and the gift is death, but if we are slaves to obedience then it leads us to righteousness.

Our days in this world are surrounded with sin, temptation, limitations, affairs, evil doings and so many. The scripture says that we have natural human limitations, which means the weaknesses of our flesh and that is why we are slaves to sin **I am using an example from everyday life because of your human limitations Romans: 6:19.** We may think that we must please the worldly people to survive in this world but that is not the truth, there is only one person who is to be pleased that and is our Lord Jesus Christ; because He is the one who redeemed us from the traps of sin by shedding is precious blood on the cross of Calvary.

**Note: Psalms: 37 is the book of comparisons between the cause and effects ofa righteous and a wicked. (CHOICE IS OURS, BE A WISE SELECTOR)**

Being the slaves to righteousness is a greatest opportunity which gives us the gifts of blessings and they are;

›› Trust (Psalms: 37 :8)

›› Fullness in Little (Psalms: 37:16, 17)

›› Better Future (Psalms: 37: 18, 19)

›› Time flies but righteous were never forsaken (Psalms: 37 :)

›› Wealthy enough to Lend (Psalms: 37: 27)

›› Greater Promise (Psalms: 37:28)

›› Blessings (Psalms: 37:29)

›› Hope (Psalms: 37:33, 34)

›› Inspiration (Psalms: 37:37)

›› Salvation (Psalms: 37:39)

›› Refuge (Psalms: 37:40)

We may feel unworthy to receive these blessings and that is why God wants us to be righteous, holy and perfect to enjoy these blessings. So does not worry God still love us even if we don't? If we are free from sin then we must be slaves to righteousness which paves way to Sanctificatior.

We must always take time to remember that once we were slaves to sin, impurity & amp; lawlessness and we did not get the opportunity to enjoy the blessingsfrom our God above. The scripture is transparent, which says that **the wage and the end of sin is death;** but for the righteous there is no end, **the gift of Righteousness is Eternal life** and for they have been set free from sin and called to be the Slaves of God. **"But now that you have been set free from sin and have become slaves of God, the benefit you reap leads to holiness, and the result is eternal life. For the wages of sin is death, but the gift of God is eternallife in Christ Jesus our Lord Romans: 6: 22, 23)".**

Finally dear beloved, the day of our God is at hand, so let us together practice to be righteous and the slaves to righteousness; because **"Whoever does not practice righteousness is not of God" I John: 3: 10".**

**"NEVER BE ASHAMED TO CALL YOURSELF AS THE SLAVES TO RIGHTEOUSNESS"**




നമുക്ക് പ്രാർത്ഥിക്കാം

# ദൈവിക സഖിത്വം പ്രാർത്ഥനയിൽ



ദ്രൗപതി ജോൺസൻ

ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും മഹനീയമായ അനുഭവമാണ് ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ ജീവിക്കുക എന്നത്. ക്രിസ്തുവുമായി ഉണ്ടാകുന്ന സൗഹൃദപരമായ ബന്ധമാണ് സഖിത്വം.

ദൈവിക സഖിത്വത്തിന്റെ വലിയ ഒരു പ്രത്യേകത ദൈവം തന്റെ ഹിതം അവരുമായി പങ്ക് വെയ്ക്കും എന്നുള്ളതാണ് (ആമോ:3:7). ഇപ്രകാരം ദൈവീക സഖിത്വം രുചിച്ചറിഞ്ഞ നിരവധി അനുഗ്രഹീത ഭക്തന്മാരെ നമുക്ക് ദൈവവചനത്തിൽ ദർശിക്കാവുന്നതാണ്. അവയിൽ ഏറ്റവും പ്രശസ്തരായവരാണ് 300 വർഷം ദൈവത്തോടു കൂടെ നടന്ന ഹാനോക്കും

> "ദൈവിക പാദപീഠത്തിൽ ഇരുന്ന്, ദൈവീക ആലോചന ചോദിക്കുന്ന ഒരു ഭക്തന് ദൈവം തന്റെ ഹിതം വെളിപ്പെടുത്തിക്കൊടുക്കും."

ദൈവത്തിന് ഏറ്റവും പ്രിയപുരുഷ നായ ദാനിയേലും ക്രിസ്തുവിന്റെ മാറിടത്തിന്റെ ചൂട് അറിഞ്ഞ യോഹന്നാനും. പ്രിയ പുരുഷനായ ദാനിയേലിനും യോഹന്നാനും വരുവാനിരിക്കുന്ന നമ്മുടെ കർത്താവിന്റെ നിത്യ രാജ്യത്തെ പ്പറ്റിയും അതിന് മുമ്പ് ഭൂമിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളും ദൈവം വെളിപ്പെടു ത്തി. ദൈവത്തോടൊപ്പം നടന്ന ഹാനോക്കിനാകട്ടെ ക്രിസ്തുവിന്റെ ആദ്യ വരവിന് മുമ്പ് തന്നെ അവന്റെ രണ്ടാം വരവായ മഹത്വ പ്രത്യക്ഷതയെക്കുറിച്ച് വെളിപ്പെ ടുത്തി ക്കൊടുത്തു (യൂദാ:1:15).

ഈ ഭക്തർക്ക് യഹോവയുടെ സഖിത്വം ഉണ്ടായി (ദാനി: 6:10, വെളി: 1:10). ഇവർ ദൈവവുമായി സമയം പങ്കിടുവാൻ ആഗ്രഹിച്ച വരും അതിന് വേണ്ടി സമയം കണ്ടെത്തിയവരുമാണ്. ഇവർ അനു ഭവിച്ച ഈ ദൈവിക സഖിത്വം രക്ഷി ക്കപ്പെട്ട് യേശുവിനെ കർത്താവായി അംഗീകരിച്ച് ദൈവീക കൂട്ടായ്മ യിൽ വക്രതകൾ കാണിക്കാതെ നീതിയോടെ ജീവിക്കുന്ന ഏതൊരു വിശ്വാസിക്കും അനുഭവിക്കാവുന്ന താണ് (സദൃ:3:22).

ഒരിക്കൽ മാർട്ടിൻ ലൂഥറുടെ സുഹൃത്ത് അദ്ദേഹത്തെപ്പറ്റി ഇങ്ങനെ സാക്ഷികരിക്കുകയു ണ്ടായി. "ഒരിക്കൽ ഞാൻ ലൂഥർ പ്രാർത്ഥിക്കുന്നത് കേട്ടു. എത്ര ജീവനോടും ആത്മാവോടും കൂടി യാണ് അദ്ദേഹം പ്രാർത്ഥിക്കുന്നത്. ദൈവത്തോട് എത്ര ബഹുമാന ത്തോടെയാണ് അദ്ദേഹം സംസാരി ക്കുന്നത്! ഒരു സുഹൃത്തിനോടെന്ന പോലെ എത്ര തുറന്ന വിശ്വാസ ത്തോടെയാണ് അദ്ദേഹം കാര്യങ്ങൾ പറയുന്നത്" എന്ന്. ഒരിക്കൽ ലൂഥറിനെ കാണുവാനായി ആ സുഹൃത്ത് അദ്ദേഹത്തിന്റെ വീട്ടിലെത്തി. "നാം മറികടന്നിരിക്കു ന്നു, നാം മറികടന്നിരിക്കുന്നു" എന്ന് ഉച്ചത്തിൽ പറഞ്ഞ് കൊണ്ട് തന്റെ മുറിക്ക് പുറത്തേക്ക് വരുന്ന ലൂഥറിനെയാണ് അദ്ദേഹം കണ്ടത്.

അല്പസമയം കഴിഞ്ഞപ്പോഴാണ് രാജ്യത്ത് പൂർണ്ണമായും സുവിശേഷ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ചാൾസ് അഞ്ചാമൻ രാജാവിന്റെ ഉത്തരവ് വന്നത്. അതെ, ദൈവിക പാദപീഠത്തിൽ ഇരുന്ന് ദൈവീക ആലോചന ചോദിക്കുന്ന ഒരു ഭക്തന് ദൈവം തന്റെ ഹിതം വെളിപ്പെടുത്തിക്കൊടുക്കും. "യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്ക് ഉണ്ടാകും അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു" (സങ്കീ:25:4).

ഭക്തന്മാരായ ഹാനോക്കിനെയും ദാനിയേലിനെയും യോഹന്നാനെ യും മാർട്ടിൻ ലൂഥറിനെയും നമുക്ക് മാതൃകയാക്കാം. ദൈവത്തിന്റെ പാദപീഠത്തിൽ ഇരുന്ന് ദൈവീക കൂട്ടായ്മയിലൂടെ ആ മഹനിയ സ ഖിത്വം രുചിച്ചറിഞ്ഞ് ക്രിസ്തീയ ജീവിതം നയിക്കാം.

**വിലയിരുത്തലുകൾ....** തുടർച്ച

ഈ വർഷത്തെ മുദ്രാവാക്യം: സ്ത്രീ സമത്വത്തിലൂടെ എല്ലാവർക്കും ഉന്നമനം എന്നായിരുന്നു. എല്ലാ സ്ത്രീകളെയും ഒന്നായി കാണാനും അതോടൊപ്പം അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും വേണം എന്ന് മുദ്രാവാക്യം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്ത്രീകളെ പ്രബുദ്ധരാക്കുവാൻ വേണ്ട നടപടികൾ ഗവൺമെന്റുകളുടെ ഭാഗത്തു നിന്നും എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. "ജനങ്ങളെ ഉദ്ബുദ്ധരാക്കാൻ സ്ത്രീകൾ ഉണരണം. സമൂഹത്തിൽ സ്ത്രീ ചലിച്ചുതുടങ്ങിയാൽ കുടുംബത്തിൽ മാറ്റങ്ങളുണ്ടാകും. കുടുംബങ്ങൾ മാറിയാൽ ഗ്രാമങ്ങളിൽ മാറ്റമുണ്ടാകും. ഗ്രാമങ്ങൾ മാറിയാൽ രാഷ്ട്രം വികസനത്തിന്റെ പാതയിൽ എത്തിച്ചേരും". എന്ന് ജവഹർലാൽ നെഹ്റു ഒരിക്കൽ അഭിപ്രായപ്പെട്ടു.

സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളാണ്, എന്നാൽ സ്ത്രീ എവിടെയും സുരക്ഷിതയല്ല എന്നാണ് വർത്തമാനകാലസംഭവങ്ങൾ വ്യക്തമാക്കുന്നത്. സ്ത്രീകളോടും പെൺകുഞ്ഞുങ്ങളോടുമുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

പരീശനായ ശീമോന്റെ വീട്ടിൽ യേശുകർത്താവ് ഭക്ഷണത്തിനിരിക്കുമ്പോൾ, ഒരു സ്ത്രീ ഒരു വെൺകൽഭരണി പരിമളതൈലം യേശുവിന്റെ കാലിൽ പൂശി. ഇതു കണ്ട ശീമോൻ യേശു യഥാർത്ഥ പ്രവാചകനല്ലെന്നും തൈലം പൂശുന്നവൾ പാപിനിയാണെന്നും ഹൃദയത്തിൽ ചില വിലയിരുത്തലുകൾ നടത്തി. ഹൃദയങ്ങളെ ആരാഞ്ഞറിയുന്ന യേശുനാഥൻ ശീമോന്റെ ഹൃദയത്തിലുണ്ടായ വിചാരവും തന്റെ കാലിൽ തൈലം പൂശുന്നവളെയും വ്യക്തമായി അറിഞ്ഞിരുന്നു. ക്രിസ്തു പാപമോചകനാണ്, അവിടുന്ന് അവളുടെ പാപങ്ങളെ മോചിച്ചിരുന്നു. തന്റെ അരികിലേക്ക് വരുന്നവരെ ചേർത്തു നിർത്തി തന്റെ സ്നേഹം മുഴുവനും അവരിലേക്ക് പകർന്നു കൊടുക്കുന്നവനാണ് ക്രിസ്തു. അവളുടെ മുൻകാല പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ പാപിനി എന്നു മുദ്രകുത്തി ശീമോൻ അവളെ ഹൃദയത്തിൽ നിന്ദിക്കുമ്പോൾ ക്രിസ്തു, അവൾ തനിക്കു വേണ്ടി ചെയ്തതും ശീമോൻ ചെയ്യാതിരുന്നതുമായ കാര്യങ്ങൾ ഓരോന്നായി വിവരിച്ചുകൊടുത്തു. പാപികളുമായി സംസർഗ്ഗം പുലർത്തിയാൽ തങ്ങളും അശുദ്ധരാകുമെന്നു പരീശന്മാർ കരുതിയിരുന്നു. ഒടുവിൽ രണ്ടു കാര്യങ്ങളാണ് ക്രിസ്തു അവളോട് പറയുന്നത് 1). നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു. 2). നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. പാപക്ഷമ നേടുന്നതിന് ക്രിസ്തുവിന്റെ അടുക്കലേക്കു ആർക്കും പ്രവേശനമുണ്ട്. അതിനു ക്രിസ്തുവിങ്കലുള്ള വിശ്വാസം മാത്രം മതി. വിശ്വാസത്താലാണ് പാപക്ഷമയും രക്ഷാനിർണ്ണയവും കരഗതമാക്കുന്നത്. സ്വയനീതികരണത്താലോ കർമ്മമാർഗ്ഗങ്ങളാലോ ഇവയൊന്നും സാദ്ധ്യമാകുകയില്ല. സ്ത്രീകൾ ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചതു നിമിത്തം അനവധി ആത്മീകമുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് സമൂഹത്തോടും പ്രത്യേകിച്ചും സ്ത്രീകളോടുമുള്ള നമ്മുടെ വിലയിരുത്തലുകൾ മാറിയേ തീരൂ.

മറ്റൊരു വിലയിരുത്തലിനായി ഭാരതത്തിലെ ജനങ്ങൾ തയ്യാറെടു

ക്കുകയാണ്. ഏപ്രിൽ 11 മുതൽ മെയ് 12 വരെയുള്ള സമയങ്ങളിൽ 17-ാം ലോക്സഭയിലേക്കുള്ള അംഗങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള തെരെഞ്ഞെടുപ്പ് നടക്കുകയാണ്. നിലവിലുള്ള സർക്കാരുകൾക്കുള്ള വിലയിരുത്തലും കൂടിയാണ് ഈ പൊതുതെരെഞ്ഞെടുപ്പ്. ലോകത്തിലുള്ള എല്ലാ ഭരണസിരാകേന്ദ്രങ്ങളും സർവ്വശക്തനായ ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. ദൈവഹിതപ്രകാരമുള്ള ഗവൺമെന്റ് അധികാരത്തിൽ വരുവാൻ നമുക്കു പ്രാർത്ഥിക്കാം.

ഈ ലക്കം കനൽവഴിയിലൂടെ എന്ന പംക്തിയിൽ സഹോദരി നിസ്സി സെഫിൻ സാം അപ്രതീക്ഷിതമായി തന്റെ ജീവിതത്തിൽ നേരിട്ട പ്രതിസന്ധികളെക്കുറിച്ചും അതിന്റെ മദ്ധ്യത്തിൽ ദൈവം നടത്തുന്ന വഴികളെക്കുറിച്ചും വായനക്കാരുമായി പങ്കുവെയ്ക്കുന്നു. പാതിവഴിയിൽ ഇരുളടഞ്ഞു പോയ സഹോദരി നിസ്സിയുടെ ജീവിതത്തിന് വെളിച്ചം പകർന്നു കൊടുത്ത ദൈവസ്നേഹത്തിന്റെ പാരമ്യത്തെക്കുറിച്ചുള്ള വർണ്ണനകളാണ് ഇതിലെ പദങ്ങളോരോന്നും. അവ വായനക്കാർക്ക് ഏറെ പ്രയോജനപ്പെടുമെന്നതിന് രണ്ടു പക്ഷമില്ല. മാത്രമല്ല, സഹോദരിമാരെ സുവിശേഷവത്ക്കരണത്തിൽ സജ്ജരാക്കേണ്ടതിന് ആരംഭിച്ചിരിക്കുന്ന സുവിശേഷവത്ക്കരണം എന്ന പംക്തിയും ഈ ലക്കത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്. ക്രിസ്തീയ സോദരി വായിക്കുന്ന ഏതൊരാൾക്കും ഇത് ആത്മീകമുന്നേറ്റത്തിന് കാരണമാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

ക്രിസ്തുവിൽ സോദരി

ലൗലി ജോർജ്, കരിയംപ്ലാവ്.

**തിരുസാന്നിദ്ധ്യം....** തുടർച്ച

നമ്മോടു കൂടെ ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലും സ്വസ്ഥത അനുഭവിക്കുവാനും സ്വസ്ഥതയുള്ള ജീവിതം നയിക്കുവാനും നമുക്കു സാധിക്കും. "അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു" (പുറ: 33:14) .

## ദൈവീക സാന്നിധ്യത്തിൽ നാം സന്തോഷമുള്ളവരാണ്

നമ്മുടെ ബാഹ്യമായ സാഹചര്യങ്ങളല്ല ജീവിതത്തിലെ യഥാർത്ഥ സന്തോഷത്തിന്റെ ആധാരം. ദൈവീകസാന്നിധ്യമാണ് സന്തോഷത്തിന്റെ പരിപൂർണതയുള്ള ജീവിതം സാധ്യമാകുന്നതിന്റെ രഹസ്യം. ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തു ഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു (സങ്കീ16:11). നാം സമൂഹത്തിലും കുടുംബത്തിലും തൊഴിൽ രംഗത്തും ജനമധ്യേ ആയിരിക്കുമ്പോൾ പോലും നാം ഏകരാണ് എന്ന യാഥാർത്ഥ്യം ജീവിതത്തിലെ ആശ്ചര്യകരമായ ഒരു വൈരുദ്ധ്യമാണ്. കാരണം ഈ ജീവിതത്തിൽ നാം ഏകാന്തപഥികരാണ്. എന്നാൽ, ദൈവം അവിടുത്തെ സാന്നിധ്യം നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നു. യേശു, "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു" (മത്താ:28:20). ഈ വാഗ്ദത്തിൽ ആശ്രയിച്ചു നമുക്കു ജീവിതം തുടരാം.



# ഇരുട്ടിനെ തോൽപ്പിച്ച്... തുടർച്ച

എയർക്രാഫ്റ്റ് ടെക്നീഷ്യനായി സൗദി അറേബ്യയിൽ ഇപ്പോൾ ജോലിചെയ്യുന്ന സെഫിൻ സാമിന്റെ ഉള്ളിൽ ദൈവം നൽകിയ പ്രേരണ യാൽ താല്പര്യം അറിയിച്ചപ്പോൾ അത്ഭുതം തോന്നി. കാരണം, ഏതൊരാളും കൂടുതൽ വിശാലത യിലേക്ക് പോകുവാൻ കൊതിക്കു




മ്പോൾ എന്റെ പരിമിതിയിലേക്ക് ഒതുങ്ങികൂടുവാൻ അദ്ദേഹം തയ്യാ റായി. അങ്ങനെ 2014 സെപ്റ്റംബ റിൽ ഞങ്ങൾ കുടുംബജീവിതം ആരംഭിച്ചു.

കാഴ്ച നഷ്ടപ്പെട്ടപ്പോഴാണ് ദൈവത്തിന്റെ തിരുവചനം എനിക്ക് കൂടുതൽ ഹൃദ്യമായി അനുഭവപ്പെട്ട ത്. അതിലെ ജീവനുള്ള വചനങ്ങ ളോട് ഒരു വ്യക്തിയോടുള്ളതു പോലെ എനിക്ക് സഖിത്വം തോന്നി തുടങ്ങി. എന്റെ ആകുലതകളിലും, ചിന്താഭാരങ്ങളിലും ആക്ഷരീകമായി എന്നെ ആശ്വസിപ്പിക്കുകയും, ഉപ ദേശിക്കുകയും, വഴക്കുപറയുക യും, ധൈര്യപ്പെടുത്തുകയും ചെയ്യുന്ന ഒരു അത്ഭുത ഗ്രന്ഥം. ദൈവം അതിൽ കൂടെ എന്നോട് സംസാരിക്കുന്നു എന്ന ബോധ്യം ബൈബിൾ വായിക്കുവാൻ എന്നിൽ കൂടുതൽ ആർത്തി വളർത്തി. ആ സമയത്താണ് (2018) നാട്ടിലെ ഒരു ക്രിസ്തീയ കൂട്ടായ്മ സംഘടിപ്പി ക്കുന്ന മെഗാ ക്വിസ് കോമ്പറ്റീഷനെ പറ്റി അറിയുന്നത്. മത്സര വിജയ ത്തേപ്പറ്റി ഞാൻ ചിന്തിച്ചേയില്ല. ക്രമ മായി ആ വചനഭാഗങ്ങൾ വായി ക്കാൻ ശ്രമിക്കാം എന്ന ലക്ഷ്യത്തോടെ ഓഡിയോ ബൈബി ളിന്റെ സഹായത്തോടെ കേൾക്കു വാൻ ആരംഭിച്ചു. ഈ പരിശ്രമത്തെ ദൈവം മാനിച്ച് ഒന്നാം സ്ഥാനം കർത്താവ് നൽകി തന്നു.

ചെറുപ്പത്തിൽ തന്നെ യേശു വിനെ എന്റെ സ്വന്തം രക്ഷിതാവും, കർത്താവും ആയി സ്വീകരിച്ച് രക്ഷി



ക്കപ്പെടുവാനും ദൈവ മകളായി തീരുവാനും ദൈവം എനിക്ക് ഭാഗ്യം തന്നു. പിന്നീട് കർത്താവിന്റെ കല്പനയായ ജലസ്നാനം സ്വീകരിച്ചു.

ഇരുളടഞ്ഞുപോയ എന്റെ ജീവിതത്തിന് വെളിച്ചം പകർന്ന, എനിക്ക് അനവധി നന്മകളും അനുഗ്രഹങ്ങളും പകർന്ന സ്നേഹ സമ്പന്നനായ ദൈവത്തോട് എനിക്ക് ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും മാത്രമേയുള്ളൂ. എന്റെ ഈ എളിയ ജീവിത സാക്ഷ്യം കൊണ്ട് വായനക്കാർ ഈ ദൈവത്തെ, അവന്റെ സ്നേഹത്തെ കുറച്ചുകൂടെ രുചിച്ചറിയുവാൻ പ്രചോദനമായിരുന്നു എങ്കിൽ, എന്നു മാത്രമാണെന്റെ ആഗ്രഹം. എല്ലാ മഹത്വവും ദൈവവും കർത്താവുമായ യേശുക്രിസ്തുവിനു മാത്രമായിരിക്കട്ടെ.



# KRISTHEEYA SODARI

**CHRISTIAN BI-MONTHLY**
March - April 2019

ഒറ്റ പ്രതി: 25/- രൂപ. വാർഷിക വരിസംഖ്യ: 150/- രൂപ.


## ഗുരുഭാഷ്യം

“തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” (യോഹന്നാൻ: 3:16).

“For God so loved the world, that he gave his one and only Son, that whoever believes in him will not die but have eternal life.”
(John:3:16)




ക്രിസ്തീയ സോദരിയുടെ ഇലക്ട്രോണിക് വെർഷൻ (പി.ഡി.എഫ്) ഡൗൺലോഡ് ചെയ്യുന്നതിന് വലതുവശത്ത് കൊടുത്തിരിക്കുന്ന ക്യൂ. ആർ കോഡ് സ്കാൻ ചെയ്യുക.

ക്രിസ്തീയ സോദരിയുടെ പ്രിന്റ് കോപ്പികൾക്കും നിങ്ങളുടെ രചനകളും പ്രാർത്ഥനാ വിഷയങ്ങളും പങ്കുവെക്കുവാനും സഹോദരിമാർക്കുവേണ്ടി ഉള്ള വാട്ട്സ്ആപ് ഗ്രൂപ്പിൽ അംഗമാകുവാനും ബന്ധപ്പെടുക, ഫോൺ: +91 94469 63386


Date of Publication: 01-04-2019. Printed at: Ebenezer Printpack, Thrissur. Edited, printed and published by: Lovely Goerge, Pallickal House, Kariamplavu P.O, Kottanadu, Pathanamtitta - 689615. For private circulation only.